565/2009
25.11.2009

# ഇടയലേഖനം-99

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

നാമെല്ലാവരും ഈശോയുടെ പിറവിത്തിരുനാളിന് ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. ആണ്ടുവട്ടത്തിലെ ഏറ്റവും ആഹ്ലാദകരമായ ക്രിസ്തീയ ആഘോഷമാണ് ക്രിസ്തുമസ്സ്. ദൈവം നമ്മിലൊരുവനായി പിറന്ന് നമ്മോടുകൂടെ വസിക്കുന്നു (മത്താ. 1: 23) എന്നതാണ് ക്രിസ്തുമസ്സ് തരുന്ന സന്തോഷത്തിന്റെ കാതൽ. പിറവിത്തിരുനാൾ കൊണ്ടുവരുന്ന മറ്റു സന്തോഷങ്ങളൊക്കെ ഇതിന്റെ പിന്നിലേ നില്ക്കൂ. നിങ്ങൾക്കെല്ലാവർക്കും ക്രിസ്തുമസ്സിന്റെ ദൈവാനുഗ്രഹങ്ങൾ മുൻകൂട്ടിത്തന്നെ സ്നേഹപൂർവ്വം ഞാൻ നേരുന്നു.

ഈശോയുടെ മനുഷ്യാവതാരത്തെ വി. പൗലോസ് വിശേഷിപ്പിക്കുന്നത് ശൂന്യവത്ക്കരണം എന്നാണ്. ദൈവപുത്രൻ തന്നെത്തന്നെ താഴ്ത്തി മനുഷ്യനായി പിറന്നു; കുരിശുമരണത്തോളം അവൻ സ്വയം ശൂന്യമാക്കി എന്ന് വി. പൗലോസ് പഠിപ്പിച്ചു (ഫിലി. 2: 7). ദൈവപുത്രന്റെ ഈ സ്വയംശൂന്യമാക്കൽ അവസാനിച്ചത് കുരിശുമരണത്തിലാണ്; എന്നാലത് തുടങ്ങിയത് ഈശോയുടെ കാലിത്തൊഴുത്തിലെ ജനനത്തിലാണ്.കാലിത്തൊഴുത്ത് ഒരു ഓമന ബിംബമൊന്നുമല്ല; സ്വയം ശൂന്യമാക്കുന്നതിന്റെയും ലാളിത്യത്തിന്റെയും ക്രിസ്തീയ പ്രതീകമാണത്. മറിയം ഈശോയെ പ്രസവിച്ച് ഒരു പുൽത്തൊട്ടിയിൽ കിടത്തി. കാരണം അവർക്ക് സത്രത്തിൽ സ്ഥലം ലഭിച്ചില്ല എന്നതാണല്ലോ വി. ലുക്കായുടെ സാക്ഷ്യം (ലൂക്കാ 2: 7). പുൽക്കൂട്ടിലെ ഉണ്ണീശോയെ വണങ്ങുന്ന നാമെല്ലാവരും കാലിത്തൊഴുത്തിലെ





പിറവി അർത്ഥമാക്കുന്ന ജീവിതലാളിത്യം ഇപ്രാവശ്യത്തെ ക്രിസ്തുമസ്സിന് ധ്യാനവിഷയമാക്കണം. ലളിതമായി ജീവിക്കാൻ മനസ്സിനെ പരിശീലിപ്പിക്കാൻ നാം പരിശ്രമിക്കണം.

ലാളിത്യം അടിസ്ഥാന പരമായി ഒരു ജീവിതശൈലിയാണ്. വക്രതയി ല്ലാത്ത ചിന്തകളും ആത്മാർത്ഥമായ സംസാരവും അതിന്റെ ആദ്യത്തെ അടയാളങ്ങളാണ്. ആത്യന്തികമായി ദൈവത്തിൽ ആശ്രയിക്കുന്നവർ ക്കുമാത്രം സാധിക്കുന്നതാണ് ജീവിതലാളിത്യം. ലാളിത്യത്തിന്റെ സുപ്രധാനമായ ഒരു ലക്ഷണമാണ് മിതവ്യയം. ധൂർത്തിനും ധാരാളിത്വത്തിനും മാന്യത കിട്ടിക്കൊണ്ടിരിക്കുന്ന കാലമാണ് നമ്മുടേത്. ഇതിന്റെ പിന്നിലെ വിപണിയുടെ സ്വാധീനം നാം തിരിച്ചറിയണം. മനുഷ്യരുടെ ധൂർത്ത് കൂടുംതോറും കമ്പോളത്തിന് ഗുണമാണ്: കാരണം, കൂടുതൽ കച്ചവടം കൂടുതൽ ലാഭത്തിന് കാരണമാകുന്നു. നമ്മുടെ വ്യക്തിജീവിതത്തിലും, ഇടവകകളിലും കുടുംബങ്ങളിലും, മിതവ്യയം കുറഞ്ഞുവരുന്നു എന്നത് ഒരു സത്യമാണ്. ഇക്കാര്യത്തിൽ ക്രിസ്തീയമായ കാഴ്ച്ചപ്പാട് സ്വീകരിക്കാൻ കാലിത്തൊഴുത്തിലെ ഈശോ നമ്മെ ക്ഷണിക്കുന്നു.

എനിക്ക് വേണ്ടത്ര പണമുണ്ട്; അത് ഞാനെന്റെ ഇഷ്ടംപോലെ ചെലവാക്കുന്നു എന്നത് ക്രിസ്തീയമായ കാഴ്ചപ്പാടല്ല. സ്വന്തം പണം ഇഷ്ടംപോലെ ചെലവഴിക്കാനുള്ള അവകാശത്തെ നമ്മുടെ അയല്ക്കാരുടെ ദാരിദ്ര്യം പരിമിതപ്പെടുത്തുന്നു. നമ്മുടെ ചുറ്റുവട്ടത്തിലുള്ള ദരിദ്രരെ മറന്നുകൊണ്ടാകരുത് വീടുകളിലേയും ഇടവകകളിലേയും ആഘോഷങ്ങൾ. ക്രിസ്തുമസ്സിന് ഇടവക ദേവാലയങ്ങളിലും വീടുകളിലും പുല്ക്കൂടുണ്ടാക്കുന്ന നല്ല പതിവ് നമുക്കുണ്ട്. പുൽക്കൂട് ഭംഗിയുള്ളതാകണം; എന്നാൽ അത് ധൂർത്തിന്റെ പ്രകടനമാകരുത്. ഏതാനും ദിവസങ്ങൾ മാത്രം നാം സൂക്ഷിക്കുന്ന പുല്ക്കൂടിന് ഒരു ചെറിയ വീട് പണിയാനുള്ള പണം മുടക്കുന്നത് ധൂർത്തുതന്നെയാണ്. കയറിക്കിടക്കാൻ വീടില്ലാത്തവരുടെ ദൈന്യത്തിന് മുമ്പിൽ ചെലവേറിയ പുല്ക്കൂടുകളുടെ പകിട്ട് ഒന്നുമല്ല. അതുപോലെതന്നെ, തിരുനാളാഘോഷങ്ങൾ പണക്കൊഴുപ്പ് കാണിക്കാനുള്ള അവസരങ്ങളാകരുത്. തിരുനാളുകൾ അത്യാഡംബരമായി ഏറ്റുകഴിക്കാൻ പണപ്രാപ്തിയുള്ളവർ ഉണ്ടാകാം. പക്ഷേ പാവപ്പെട്ടവരെ പാടേ മറക്കുന്ന ആഘോഷങ്ങളിൽ ദൈവം പ്രസാദിക്കുകയില്ല. അവ നമുക്ക് സ്വയം സന്തോഷി



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ക്കാനുള്ള അവസരങ്ങൾ മാത്രമായി ചുരുങ്ങും. നാലാം നൂറ്റാണ്ടിലെ സഭാപിതാവായ വി. ജോൺ ക്രിസോസ്തോം പാവങ്ങളെ പരിഗണിക്കാതെ ദേവാലയങ്ങൾ അലങ്കരിക്കുന്നവരെ നിശിതമായി വിമർശിക്കുന്നുണ്ട്. ദേവാലയത്തിൽ ക്രിസ്തുവിന്റെ ശരീരത്തെ ആരാധിക്കുന്നവർ, ദേവാലയത്തിനുപുറത്ത് വിശപ്പിലും നഗ്നതയിലും കഴിയുന്ന പാവപ്പെട്ടവരിലുള്ള ക്രിസ്തുവിനെ ആദരിക്കണം എന്ന് അദ്ദേഹം പഠിപ്പിക്കുന്നു (*Hom*. 50,34). ഇടവകകളിൽ ദേവാലയ നിർമ്മാണത്തിന്റെ തോതുകൾ നിർണ്ണയിക്കുമ്പോഴും വി. ക്രിസോസ്തോമിന്റെ നിലപാട് നമ്മെ സ്വാധീനിക്കണം.

എപ്പോഴാണ് ചെലവുകൾ ദുർച്ചെലവുകളാകുന്നത് എന്ന ചോദ്യം സ്വാഭാവികമാണ്. പള്ളിക്കാര്യങ്ങളെക്കുറിച്ച് ഉറപ്പിച്ച് പറയാവുന്ന കാര്യമുണ്ട്, നാം നടത്തുന്ന ആഘോഷത്തിന്റെയോ തിരുക്കർമ്മത്തിന്റെയോ ചൈതന്യത്തിന് നിരക്കാത്ത വിധത്തിലുള്ള ചെലവുകൾ അമിതമാണ്. ഉദാഹരണത്തിന്, തിരുപ്പട്ടസ്വീകരണ അവസരങ്ങൾ ഇടവക സമൂഹത്തിന് മുഴുവൻ സന്തോഷകരമാണ്. നമ്മുടെ രൂപതയിലെ തിരുപ്പട്ടസ്വീകരണ കർമ്മങ്ങളിൽ അതാത് ഇടവകാംഗങ്ങളെല്ലാവരുംതന്നെ ഉത്സാഹപൂർവ്വം സഹകരിക്കാറുണ്ട്. എനിക്കതിൽ നല്ല മതിപ്പുമുണ്ട്. അതേസമയം തിരുപ്പട്ടസ്വീകരണ അവസരങ്ങൾ പ്രാർത്ഥനാരൂപികൊണ്ടും ലാളിത്യംകൊണ്ടുമാണ് ശ്രദ്ധേയമാകേണ്ടത്. ദൈവജനത്തിന്റെ ശുശ്രൂഷകനായി ഒരുവനെ സഭ നിയോഗിക്കുന്ന പാവനമായ തിരുക്കർമ്മമാണത്. അതിന്റെ ചൈതന്യത്തിന് നിരക്കുന്ന ആഘോഷങ്ങളും പരസ്യങ്ങളും മതി തിരുപ്പട്ടദാന ശുശ്രൂഷക്ക്. ഭരണാധികാരം ഏല്പിക്കുകയോ വിജയാഘോഷം നടത്തുകയോ ചെയ്യുന്ന ചടങ്ങുപോലെ തോന്നിക്കൂടാ തിരുപ്പട്ടത്തോടനുബന്ധിച്ചുള്ള ആഘോഷങ്ങൾ.സ്വാഗതവും ആശംസകളും നേർന്നുകൊണ്ടുള്ള ബാനർ, ഫ്ളെക്സ്ബോർഡ് തുടങ്ങിയവ അത്യാവശ്യത്തിനുമാത്രമെ പ്രദർശിപ്പിക്കാവൂ. നമ്മുടെ രൂപതക്കുവേണ്ടി അഞ്ച് മ്ശംശാനമാർ ക്രിസ്തുമസ്സ് കഴിഞ്ഞ് തിരുപ്പട്ടം സ്വീകരിക്കുന്നതാണ്. അവരെ നമ്മുടെ പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കാം. അവരുടെ തിരുപ്പട്ട സ്വീകരണ പരിപാടികൾ ലളിതവും ഭക്തിനിർഭരവുമാക്കാൻ ബന്ധപ്പെട്ടവരെല്ലാം ശ്രദ്ധിക്കേണ്ടതാണ്.

വിവാഹം, മാമ്മോദീസ, ആദ്യകുർബാന സ്വീകരണം, ജൂബിലികൾ, സന്യാസവ്രത വാഗ്ദാനം എന്നിവയുടെ ആഘോഷങ്ങളും പരി





ധിവിട്ടുപോകരുത്. ഈ സംഭവങ്ങളുടെ സ്വഭാവത്തിനും ചൈതന്യത്തിനും ചേരാത്തവിധം അവയുടെ ആഘോഷങ്ങൾ ചെലവേറിയതും ആർഭാടം നിറഞ്ഞതുമായി പലപ്പോഴും മാറുകയാണ്.

നമ്മുടെ എല്ലാ ആഘോഷങ്ങളുടെയും പ്രധാന ലക്ഷ്യം വ്യക്തികളുടെയും സമൂഹത്തിന്റെയും നന്മയാണ്, പരസ്പര സഹകരണവും ധാരണയും വർദ്ധിപ്പിക്കുകയാണ്. ഇതിനാണ് നാം ഊന്നൽ നല്കേണ്ടത്.ഇടവകകളിലെ തിരുനാൾ ആഘോഷങ്ങൾ വിശ്വാസ വളർച്ചക്കും ജീവിത നവീകരണത്തിനും ഉപകരിക്കത്തക്കവിധം നടത്തണം. വൻ തുകകൾ മുടക്കി ഗാനമേളകളും ദീപാലങ്കാരങ്ങളും കരിമരുന്ന് പ്രയോഗവും നടത്തുന്നത് അഭികാമ്യമല്ല. സ്പോൺസേഴ്സിനെ ലഭിച്ചാൽപോലും ഇക്കാര്യം പ്രോത്സാഹിപ്പിക്കാൻ പാടില്ല. മദ്ബഹായിലെ പുഷ്പാലങ്കാരത്തിന്റെ കാര്യത്തിൽ കർശനമായ ലാളിത്യം പാലിക്കേണ്ടതാണ്. വിലകൂടിയ പൂക്കൾ വാങ്ങി അലങ്കാരം ചെലവേറിയ താക്കുന്നത് ദൈവാലയ തിരുക്കർമങ്ങളുടെ ആന്തരിക ചൈതന്യ ത്തിന്നിരക്കുന്നതല്ല.

ഈശോ അഞ്ചപ്പം അയ്യായിരം പേർക്കായി വർദ്ധിപ്പിച്ചപ്പോൾ അപ്പത്തിന്റെ ധാരാളിത്തം അപ്പസ്തോലന്മാർ കണ്ടു. എന്നിരുന്നാലും മിച്ചം വന്നതൊന്നും അവർ പാഴാക്കിയില്ല; പന്ത്രണ്ട് കുട്ട അപ്പം അവർ ശേഖരിച്ചു (മത്താ. 14: 20). സാമ്പത്തിക സാധ്യതകൾ ഉള്ളവരും വീടുകളിലെ ചെലവുകൾ നിയന്ത്രിച്ചും ദുർച്ചെലവുകൾ ഒഴിവാക്കിയും ആഘോ ഷങ്ങളിൽ മിതത്വം പാലിച്ചും ലാളിത്യം പുലർത്താൻ ശ്രദ്ധിക്കണം. മദ്യപാനം, പുകവലി തുടങ്ങിയവ ദോഷകരമായ അധികച്ചിലവുകളാണെന്ന കാര്യം ഞാൻ പറയേണ്ടതില്ലല്ലോ.വീടുപണി, വിവാഹം തുടങ്ങിയ ആഘോഷങ്ങൾ എന്നിവയിലെ പൊങ്ങച്ച പ്രകടനങ്ങളും അമിതമായ ആഭരണഭ്രമവും അനേകരെ തകർത്തിട്ടുണ്ട്. പണക്കാരായ അയൽക്കാരുമായുള്ള കിടമത്സരങ്ങളും താരതമ്യബുദ്ധിയും നമുക്ക് ദോഷമേ ഉണ്ടാക്കൂ. കൂടുതൽ ചിലവഴിക്കുന്നതാണ് നല്ലത്; ജീവിത ലാളിത്യം പുലർത്തുന്നത് മോശമാണ് എന്ന ധാരണ വളർന്നു വരുന്ന കാലമാണിത്. നൂറുമീറ്റർ നടക്കുന്നതുപോലും നാണക്കേടാണ് എന്നു കരുതുന്നവരുടെ ലോകം കൂടിയാണിത്. പാഴ്ച്ചെലവുകൾ ഒഴിവാ ക്കിയും പണത്തിന്റെ വിലയറിഞ്ഞും ജീവിക്കാൻ കുട്ടികളെ നാം ബോധപൂർവ്വം പ്രേരിപ്പിക്കണം. ഇത്തരം കരുതലുകൾ



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ഇല്ലാതാകു മ്പോഴാണ് വരവിൽ കവിഞ്ഞ ചെലവും വീട്ടാൻ വഴിയില്ലാത്തതരം കടംവാങ്ങലുകളും ഉണ്ടാകുന്നത്. സമയം ചെലവഴിക്കുന്നതിലും ജലം, വൈദ്യുതി എന്നിവ ഉപയോഗിക്കുന്ന തിലും നാം വലിയ ശ്രദ്ധകാണിക്കണം. കാരണം ഇവയുടെ ദുരുപ യോഗം നമുക്കും സമൂഹത്തിനും വിനയായിട്ട് മാറും.

മിതത്വം സാന്മാർഗിക പുണ്യങ്ങളിൽ ഒന്നാണല്ലോ. എന്നാൽ പിശുക്കിനെ ഒരു പുണ്യമായി നാം തെറ്റിദ്ധരിക്കരുത്. ന്യായമായും നടത്തേണ്ട ചെലവുകൾ നടത്താതെ പണത്തോടുള്ള ആർത്തികൊണ്ട് അത് സൂക്ഷിച്ചുവക്കു ന്നത് പിശുക്കാണ്. അങ്ങനെയുള്ളവർ സ്വന്തം കാര്യങ്ങളിലും മറ്റുള്ളവർക്ക് ഉപകാരം ചെയ്യുന്ന കാര്യങ്ങളിലും അമിതമായ ലുബ്ധ് കാണിക്കും.

ബെത്‌ലഹമിലെ കാലിത്തൊഴുത്തിലും നസ്രത്തിലെ തിരുക്കുടുംബ ത്തിലും പരിമിതികൾ പലതുണ്ടായിരുന്നു. എന്നിട്ടും അവിടെനിന്ന് പരാതികൾ ഉയർന്നില്ല. യൗസേപ്പിതാവും മാതാവും തങ്ങളുടെ വിലയേറിയ സമ്പാദ്യമായി ഈശോയെ കരുതി. ഒരു തച്ചന്റെ കുടുംബത്തിന്റെ പരിമിതികൾ അനുഭവിച്ചാണ് ഈശോയും വളർന്നത്. യൗസേപ്പിതാവിന്റെയും മാതാവിന്റെയും സ്നേഹവും ദൈവപിതാ വുമായുള്ള ഗാഢമായ ബന്ധവുംകൊണ്ട് ഈശോ ഭൗതിക അസൗ കര്യങ്ങളെയെല്ലാം മറികടന്നു. എല്ലാ ഭൗതിക ഇല്ലായ്മകളേക്കാളും നമ്മെ ബാധിക്കുന്നത് പരസ്പര സ്നേഹത്തിന്റെയും ധാരണയുടേയും കരുതലിന്റെയും കുറവാണ്. ഇവയൊക്കെ സമൃദ്ധമായുള്ള വീടുകളിൽ സാമ്പത്തിക ക്ലേശങ്ങൾ ഉണ്ടായാലും അതിനെയെല്ലാം ഒന്നിച്ചുനിന്ന് നേരിടാൻ കുടുംബാംഗങ്ങൾക്ക് സാധിക്കും.

ആദ്യത്തെ ക്രിസ്തുമസ്സിന് മാലാഖമാർ പാടി, അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം (ലൂക്ക 2: 14). ഭൂമിയിൽ ദൈവകൃപ ലഭിച്ചവരുടെ ഒരു അടയാളമാണ് ജീവിതലാളിത്യം. അത്യുന്നതങ്ങളിലേക്ക് ഹൃദയം ഉയർത്താനാവു ന്നവർക്കേ ഇത് സാധിക്കൂ. ലളിതജീവിതത്തിനുള്ള പ്രചോദനം തന്ന് കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണീശോ നമ്മെയെല്ലാം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.





നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം ഡിസംബർ 13-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

566/2009
25.11.2009

## വിജ്ഞാപനം 94

മിശിഹായിൽ പ്രിയപ്പെട്ടവരെ,

സീറോമലബാർ സഭയുടെ ആരാധനാക്രമത്തിലെ പിറവിത്തി രുനാൾ, വലിയനോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി) ഓശാന ഞായർ, പെസഹാവ്യാഴം, പീഢാനുഭവവെള്ളി, വലിയശ നി, ഉയിർപ്പുഞായർ എന്നീ ദിവസങ്ങളിലെ പ്രത്യേക കർമങ്ങൾ 2009 ഏപ്രിൽ 2ന് റോമിലെ പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാ ലയം അംഗീകരിച്ചുനൽകി (Port No. 248/2004). മേജർ ആർച്ചു ബിഷപ്പ് മാർ വർക്കി കർദിനാൾ വിതയത്തിൽ 2009 ആഗസ്റ്റ് 6-ാം തിയ്യതി നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണ തിരുനാൾ ദിനത്തിൽ നൽകിയ ഡിക്രിപ്രകാരം (Port No. 622/2009) ഈ ക്രമങ്ങൾ പ്രസിദ്ധ പ്പെടുത്തി.

സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത സീറോമലബാർ സഭയുടെ ആരാധനാക്രമത്തിലെ പ്രസ്തുത കർമ്മ ങ്ങളാണ് നമ്മുടെ ദേവാലയങ്ങളിൽ മേലിൽ ഉപയോഗിക്കേണ്ടത്. അവ ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽ നിന്ന് ലഭിക്കുന്നതാണ്.

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# From the Bishop's Diary

**December 2009**

| | | |
|---|---|---|
| 2 | | Out of station |
| 5 | | Church Blessing, Sholayur |
| 6 | P.M. | Marian Village, Kanjikode |
| 8 | | Perianaikkampalayam |
| 9 | | Pre-Cana Talk, Yuvakshetra |
| | | Sehion Retreat Centre, Thavalam |
| 10-12 | | KCBC Meeting, Kochi |
| 12 | P.M. | PEM Christmas Celebrations |
| 14-16 | | Priests' Renewal Programme, Yuva kshetra |
| 17 | A.M. | JaiChristo Provincial House, Palakkad |
| | P.M. | Velanthavalam |
| | | Vimal Rani Provincial House, Mundur |
| 19 | A.M. | Meeting, Pastoral Centre |
| | P.M. | Church Blessing, Kanjirapuzha |
| 20 | P.M. | Ponnamkode |
| | | Seraphic Provincial House, Palakkad |
| 26 | | Valamangalam |
| 27 | A.M. | St. Raphael's Cathedral, Palakkad |
| | P.M. | KCAC, Meeting, Coimbatore |
| 28 | 9.30 A.M. | Ordination, Cheeramkuzhi |
| | 2.30 P.M. | Ordination, Panthalampadam |
| 29 | 9.30 A.M. | Ordination, Kanjirapuzha |
| | 2.30 P.M. | Ordination, Palakkayam |
| 30 | 10.00 A.M. | Ordination, Thrithwamala |

**January, 2010**

| | | |
|---|---|---|
| 1 | | Vestition, Perimpadari |
| 2 | A.M. | Kalady |
| | P.M. | Divine Retreat Centre |
| 5 | | Monthly Recollection |
| 7 | A.M. | Melarkode |
| 9 | A.M. | Ordination, VRT Baleswaram |
| | P.M. | Finance Council Meeting |
| 10 | P.M. | Elanadu |
| 11-15 | | SyroMalabar Bishop's Synod |
| 16 | P.M. | Divine Dhyana Illam,Coimbatore |





# From the Bishop's Office

**വിവാഹമുടക്കം**

ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസ്സിന് ഒരുക്കമായുള്ള നോമ്പ് ആയതിനാൽ ആ ദിവസങ്ങളിൽ വിവാഹ ആഘോഷങ്ങൾ നടത്തുവാൻ പാടുള്ളതല്ല.

**തിരുപ്പട്ടം**

നമ്മുടെ രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന ഡീ. സനൽ കുറ്റിപ്പുഴക്കാരൻ (ചേരുംകുഴി), ഡീ. അനു കളപ്പുരക്കൽ (പന്തലാംപാടം), ഡീ. ഷിജോ മാവറയിൽ (കാഞ്ഞിരപ്പുഴ), ഡീ. ജോമി തേക്കുംകാട്ടിൽ (പാലക്കയം), ഡീ. സീജോ കാരിക്കാട്ടിൽ (ത്രിത്വമല) എന്നിവരെ പ്രാർത്ഥനയിൽ ഓർക്കുക.

**ആരാധനാക്രമം/പഞ്ചാംഗം**

2010 വർഷത്തെ തിരുകർമങ്ങൾക്കുപയോഗിക്കേണ്ട പഞ്ചാംഗം ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽ നിന്നും ലഭിക്കുന്നതാണ്.

സീറോമലബാർ സഭയുടെ നവീകരിച്ച ആരാധനാകർമങ്ങളുടെ പുസ്തകങ്ങൾ ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽ നിന്ന് ലഭിക്കുന്നതാണ്.

**നിത്യാരാധനാ കപ്പേള**

*ഡിസംബർ 24, 25 ജനുവരി 1* ദിവസങ്ങളിൽ പാലക്കാട് നിത്യാരാധനാ കപ്പേളയിൽ വി. കുർബ്ബാനയും ആരാധനയും ഉണ്ടായിരിക്കുന്നതല്ല.

**വൈദികരുടെ തുടർപരിശീലനപരിപാടി**

വൈദിക വർഷത്തിൽ നടത്തുന്ന ത്രിദിന പരിപാടി യുവക്ഷേത്രയിൽ വെച്ച് 2009 ഡിസംബർ 14 തിങ്കളാഴ്ച രാവിലെ 11ന് ആരംഭിക്കുന്നു. ഡിസംബർ 16 ബുധനാഴ്ച ഉച്ചഭക്ഷണത്തോടെ സമാപിക്കുന്നതുമാണ്. എല്ലാ വൈദികരും കൃത്യസമയത്തുതന്നെ എത്തിച്ചേരേണ്ടതാണ്.

**പുതിയ ഫോൺ നമ്പർ**

Ponnemkode San Thom Convent 04924 - 271111

**രൂപതാ നിയമാവലി**

പാലക്കാട് രൂപതയുടെ ക്രോഡീകരിച്ച നിയമാവലി പുസ്തകം ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽ നിന്ന് ലഭിക്കുന്നതാണ്. എല്ലാ സ്ഥാപനങ്ങളിലും ദേവാലയങ്ങളിലും അതിന്റെ ഒരു കോപ്പി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 02-01-10 | SAT | Rev. Fr. Murickananickal Santhosh |
| 04-01-10 | MON | Rev. Fr. Muringakudiyil Biju |
| 05-01-10 | TUE | Rev. Fr. Naduvathaniyil Shyju |
| 06-01-10 | WED | Rev. Fr. Perumattil Antony |
| 07-01-10 | THU | Rev. Fr. Perumbillil George |
| 08-01-10 | FRI | Rev. Fr. Plathottathil Biju |
| 09-01-10 | SAT | Rev.Fr. Plathottathil Jinse |
| 11-01-10 | MON | Rev.Fr. Ponkattil Binu |
| 12-01-10 | TUE | V. Rev. Fr. Ponmani Jose |
| 13-01-10 | WED | Rev. Fr. Pottathuparambil Francis |
| 14-01-10 | THU | V. Rev. Fr. Potteparambil Jose |
| 15-01-10 | FRI | Rev. Fr. Pulickathazhe Sebastian |
| 16-01-10 | SAT | Rev. Fr. Pulikottil Vincent |
| 18-01-10 | MON | Rev. Fr. Pullukalayil Reny |
| 19-01-10 | TUE | Rev.Fr. Puramadathil Jino |
| 20-01-10 | WED | Rev. Fr. Puthanagady Varghese |
| 21-01-10 | THU | Rev.Fr. Puthenpurayil Joshy |
| 22-01-10 | FRI | Rev. Fr. Puthukara John |
| 23-01-10 | SAT | Rev. Fr. Puthur Joseph |
| 25-01-10 | MON | Rev. Fr. Thaikattil Anto |
| 26-01-10 | TUE | Rev. Fr. Thamarassery Sebastian |
| 27-01-10 | WED | Rev. Fr. Thanickal Thomas |
| 28-01-10 | THU | Rev. Fr. Tharaniyil Paul |
| 29-01-10 | FRI | Rev. Fr. Thattil Martin |
| 30-01-10 | SAT | Rev. Fr. Thattil Sebastian |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 4.00 p.m and do the ministry till 4.00 p.m on the given day.**





# വിശ്വാസ പരിശീലനം

**മതാദ്ധ്യാപക ധ്യാനങ്ങൾ**

വിശ്വാസജീവിതത്തിലും പ്രാർത്ഥനാനുഭവത്തിലും പ്രേഷിതാഭിമുഖ്യത്തിലും വളരുക, മതാദ്ധ്യാപക കൂട്ടായ്മ പരിപോഷിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് മതാദ്ധ്യാപകർക്കായി ഫൊറോനാടിസ്ഥാനത്തിൽ ഏകദിന ധ്യാനങ്ങൾ സംഘടിപ്പിക്കുന്നു. ഫൊറോനയിൽ നടത്തപ്പെടുന്ന ധ്യാനത്തിന്റെ തിയ്യതിയും സ്ഥലങ്ങളും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 12-12-09 | ശനി | ഒറ്റപ്പാലം ഫൊറോന (9.30 am to 4 pm ഫൊറോന പാരിഷ്ഹാൾ) |
| 12- 12-09 | ശനി | പാലക്കാട് ഫൊറോന (9.30 am to 4 pm പാസ്റ്ററൽ സെന്റർ) |

**കയ്യെഴുത്ത് മാസികാമത്സരം**

V മുതൽ XII വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കാണ് ഈ മത്സരം. മാസികയുടെ നീളം 12 ഉം വീതി 9 ഉം ഇഞ്ചുകളായിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി രണ്ടു രചനകളെങ്കിലും ഉണ്ടായിരിക്കണം. 100 പേജിൽ കുറയാനും 150 പേജിൽ കവിയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞു വരുന്ന പേജിൽ ഒന്നും എഴുതരുത്. **2009 ഡിസംബർ 1-ാം** തിയ്യതിക്കു മുൻപായി ഫൊറോന ഡയറക്ടറെ കയ്യെഴുത്ത് മാസിക ഏല്പിച്ചിരിക്കണം. ഒരു ഇടവകയിൽ നിന്ന് ഒരു മാസിക മാത്രമെ സ്വീകരിക്കുകയുള്ളൂ. രചനകൾ മലയാളം, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ ആവാം.

**രണ്ടാം സെമസ്റ്റർ സണ്ടേസ്കൂൾ പരീക്ഷകൾ**

10,11,12 ക്ലാസ്സുകളിടെ രണ്ടാം സെമസ്റ്റർ പരീക്ഷ 2010 ജനുവരി 31-ാം തിയ്യതി ഞായറാഴ്ച്ചയാണ്.പരീക്ഷ 80 മാർക്കിൽ ആയിരിക്കും. ജനറൽ ക്വിസിൽ നിന്നും രണ്ടാം ഭാഗത്തിലെ ആദ്യത്തെ 100 ചോദ്യങ്ങളിൽ (211-311) നിന്ന് 5 ചോദ്യങ്ങൾ ഉണ്ടായിരിക്കും. ബൈബിൾ ഭാഗം ഉല്പത്തി 39-50 അദ്ധ്യായങ്ങൾ.

**മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് ഡിസംബർ 19-ാം തിയ്യതി ശനിയാഴ്ച്ച പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രാവിടെ 10 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെയാണ് മീറ്റിംഗ്. കൗൺസിൽ അംഗങ്ങൾ എല്ലാവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**10th, IIHDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ്**

ഞായറാഴ്ച്ച വേദോപദേശത്തിന്റെ 10th, II HDC ക്ലാസ്സുകളിലെ സർട്ടിഫി



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ക്കറ്റുകൾ തയ്യാറാക്കാനുള്ള ഫോമുകളും സർട്ടിഫിക്കറ്റുകളും മതബോധന കേന്ദ്രത്തിൽ ലഭ്യമാണ്. സർട്ടിഫിക്കറ്റുകൾ യൂണിറ്റുകളിൽ തന്നെ പൂരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച ഫോമുകളും സർട്ടിഫിക്കറ്റുകളും ഫെബ്രുവരി 1-ാം തിയ്യതി ഉത്തരകടലാസ്സിനൊപ്പം മതബോധനകേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുമ്പോൾ ജനനതിയ്യതി, മാമ്മോദീസ തിയ്യതി തുടങ്ങിയ എല്ലാ കാര്യങ്ങളും കൃത്യമായും നിർബന്ധമായും പൂരിപ്പിച്ച് നൽകണം. സർട്ടിഫിക്കറ്റുകൾ പൂരിപ്പിച്ചുനൽകുന്ന അവസരത്തിൽ സർട്ടിഫിക്കറ്റ് ഫീസായ 10/- രൂപയും ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്

**പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സമ്മേളനവും ലോഗോസ് ക്വിസ് അവാർഡ് ദാനവും.**

സൺഡേസ്കൂൾ പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്ത സമ്മേളനം 2010 ജനുവരി 26-ാം തിയ്യതി രാവിലെ 9.30 മുതൽ 1.00 മണി വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ സൺഡേസ്കൂൾ പ്രധാനാദ്ധ്യാപകരും, സെക്രട്ടറിമാരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

രാവിലെ 10.00മണിക്ക് നടക്കുന്ന മീറ്റിംഗിൽ വച്ച് ലോഗോസ്ക്വിസ് 2009ലെ വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നതാണ്. രൂപതാതലത്തിൽ 1,2,3 റാങ്കുകൾ ലഭിച്ചവരും 4,5 സ്ഥാനം ലഭിച്ചവരും സൺഡേ സ്കൂൾതലം V മുതൽ IIHDC വരെയുള്ള ഓരോ ക്ലാസ്സിലേയും 1, 2, 3 സ്ഥാനക്കാരും പ്രസ്തുത മീറ്റിംഗിൽ സന്നിഹിതാരകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

A വിഭാഗത്തിൽ 60% മേൽ മാർക്ക് ലഭിച്ചവർക്കും B, C, D, E വിഭാഗങ്ങളിൽ 70%ൽ കൂടുൽ മാർക്ക് ലഭിച്ചവർക്കും സർട്ടിഫിക്കറ്റുകൾ ഓരോ ഇടവകകൾക്കുമുള്ള കിറ്റിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സണ്ടേ സ്കൂളുകൾക്കുമുള്ള ട്രോഫികളും സമ്മാനങ്ങളും അന്നേദിവസം നൽകുന്നതാണ്.

**പരീക്ഷ ഒരുക്ക ധ്യാനം**

10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്ക് വർഷാവസാന പരീക്ഷയ്ക്ക് ഒരുക്കമായി 2010 ജനുവരി 26-ന് ഏകദിധ്യാനം ഒരുക്കുന്നു. ഫാ. റെനി പുല്ലുകാലായിൽ ധ്യാനം നയിക്കുന്നു. രൂപതാ പാസ്റ്ററൽ സെന്ററിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ. രജി. ഫീസ് 15 രൂപ.

**HDC കറസ്പോണ്ടൻസ് കോഴ്സ്**

എൻട്രൻസ് കോച്ചിംഗ്, ഓപ്പൺ സ്കൂൾ എന്നിവമൂലം വിശ്വാസപരിശീലന ക്ലാസ്സുകളിൽ സംബന്ധിക്കാനാവാത്തവരെ മാത്രം ലക്ഷ്യമാക്കി HDC കറസ്പോണ്ടൻസ് കോഴ്സിന്റെ തുടർന്നു വരുന്ന ക്ലാസ്സുകൾ.





ക്ലാസ്സ് തിയ്യതികൾ : ഡിസംബർ 26, ജനുവരി 26
ക്ലാസ്സ് സമയം : 10.am.to 3.30 pm
സ്ഥലം : പാസ്റ്ററൽ സെന്റർ

രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിദ്യാർത്ഥികളും ഈ ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്.

**കോയമ്പത്തൂർ - റീജിയൻ**

കോയമ്പത്തൂർ റീജിയനിലുള്ള 10,11,12 ക്ലാസ്സുകളിലെ സൺഡേസ്കൂൾ കുട്ടികൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 24-ാം തിയ്യതി ഞായറാഴ്ച്ച നടക്കുന്നു.

**റെഗുലർ സ്കൂൾ വാർഷിക പരീക്ഷ**

സ്കൂൾ വേദോപദേശം, സന്മാർഗ്ഗശാസ്ത്രം 10,11,12 ക്ലാസ്സുകൾക്ക് വാർഷിക പരീക്ഷ ജനുവരി 29-ാം തിയ്യതി വെള്ളിയാഴ്ച്ചയും 1 മുതൽ 9 വരെയുള്ള ക്ലാസ്സുകൾക്ക് ഫെബ്രുവരി 22-ാം തിയ്യതി തിങ്കളാഴ്ച്ചയും നടക്കുന്നു. 10,11,12 ക്ലാസ്സുകളുടെ ചോദ്യപേപ്പറുകൾ ജനുവരി 26-ാം തിയ്യതി മുതൽ മതബോധന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

NB: അടുത്ത വർഷത്തെക്കുള്ള സ്കൂൾ കാറ്റിക്കിസം, മോറൽ സയൻസ് പുസ്തകങ്ങളുടെ എണ്ണം ഡിസംബർ 20നുള്ളിൽ കേന്ദ്രത്തിലെത്തിക്കുവാൻ പ്രധാനാധ്യാപകർ ശ്രദ്ധിക്കുമല്ലോ.

**2009-10** വർഷത്തിൽ സൺഡേസ്കൂൾ കുട്ടികൾക്കായി നടത്തിയ സാഹിത്യ മത്സരങ്ങളുടെ ഫലങ്ങൾ താഴെ ചേർക്കുന്നു.

**ഉപന്യാസ മത്സരം 2009-10**

| | | | |
|---|---|---|---|
| **V** | | | |
| I | ആതിര എൽസ പോൾ | | മണ്ണാർക്കാട് |
| II | സെബിൻ വിത്സൻ. ഇ | | പട്ടാമ്പി |
| III | അന്റോണിയോ | | പുലാപറ്റ |
| **ഫൊറോനതലം** | | | |
| | മണ്ണാർക്കാട് | ബിനിത | കൈതച്ചിറ |
| | മേലാർക്കോട് | സെബാസ്റ്റ്യൻ അലക്സ് | മരിയനഗർ ചിറ്റടി |
| | വടക്കഞ്ചേരി | അനുമോൾ കെ.ജെ | വാൽകുളമ്പ് |
| **VI** | | | |
| I | സിബിൻ, | | മണ്ണാർക്കാട് |
| II | അജ്ഞിമ ജോയ് | | വടക്കഞ്ചേരി |
| III | ആർദ്ര ജോസ് | | മണ്ണാർക്കാട് |
| **ഫൊറോനതലം** | | | |
| | താവളം | അജ്ഞന മേരി സണ്ണി | കേട്ടത്തറ |
| | പാലക്കാട് | അലീന ജോൺസൺ | കത്തീഡ്രൽ |
| | ഒലവക്കോട് | ഷോൺ തോമസ് | പുലാപറ്റ |



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

| | | | |
|---|---|---|---|
| **VII** | | | |
| I | ആർദ്ര കുര്യൻ | | ചീനിക്കപ്പാറ |
| II | രേഷ്മ മരിയ ജോസ് | | പൊന്നംകോട് |
| III | ജോസ്നി ജോസഫ് | | പുലാപറ്റ |
| **ഫൊറോനതലം** | | | |
| | മണ്ണാർക്കാട് | സ്നേഹ ട്രീസ സെബാസ്റ്റ്യൻ | കണ്ടമംഗലം |
| | കാഞ്ഞിരപ്പുഴ | സോഫി സുനിൽ | പൂഞ്ചോല |
| | മേലാർക്കോട് | ജോസ്കുട്ടി പയസ് | മാങ്കുറിശ്ശി |
| | ഒറ്റപ്പാലം | ഫ്ളവി ആൻസൺ വല്ല്യാറ | ഒറ്റപ്പാലം |
| | വടക്കഞ്ചേരി | ആഷ്ന ജോസ് | വടക്കഞ്ചേരി |
| **VIII** | | | |
| I | നിമിഷ ജോർജ്ജ് | | മണ്ണാർക്കാട് |
| II | ജോർജ്ജ് ജെ.നാലാപ്പാട് | | ചന്ദ്രനഗർ |
| III | അനു ബേബി | | മണ്ണാർക്കാട് |
| **ഫൊറോനതലം** | | | |
| | താവളം | അമ്പിളി പീറ്റർ | ത്രിത്വമല |
| | ഒറ്റപ്പാലം | ലിന്റു പി.എ | ആലങ്ങാട് |
| | ഒലവക്കോട് | ജിജി ജെയിംസ് | ഞാറക്കോട് |
| IX | | | |
| I. | നേഹ സജി | | മണ്ണാർക്കാട് |
| II | ജിൽസ ബെന്നി | | കോട്ടത്തറ |
| III | ഡെനിൽ ജോൺ | | മാങ്കുറിശ്ശി |
| **ഫൊറോനതലം** | | | |
| | താവളം | സ്നേഹ ഷാജി | അഗളി |
| | മണ്ണാർക്കാട് | ജിൽസി ബെന്നി | മണ്ണാർക്കാട് |
| **X** | | | |
| I | അഞ്ജിത റോസ | | മണ്ണാർക്കട് |
| II | വിൻസി സ്റ്റീഫൻ | | കഞ്ചിക്കോട് |
| III | സൂര്യ ജോസ് | | ചീനിക്കപ്പാറ |
| **ഫൊറോനതലം** | | | |
| | പാലക്കാട് | സന്ധ്യ റ്റി.എ | കഞ്ചിക്കോട് |
| | മണ്ണാർക്കാട് | അമല അൽഫോൺസ | ആനമൂളി |
| | ഒറ്റപ്പാലം | രേഷ്മ റോയ് | ആലങ്ങാട് |
| | വടക്കഞ്ചേരി | തോമസ് ജോർജ്ജ് | വടക്കഞ്ചേരി |
| | മേലാർക്കോട് | റീബ റപ്പായി | മരിയനഗർ ചിറ്റടി |
| XI | | | |
| I. | സജോയ്സ് ജോസ് | | ചിറ്റൂർ(പാലക്കാട്) |
| II | അഞ്ജു അൽഫോൺസ | | തോമസ്, കയറാടി |
| III | ജൂഹി എൽസ് | | ഒലിപ്പാറ |
| **ഫൊറോനതലം** | | | |
| | മണ്ണാർക്കാട് | അനിറ്റ് തോമസ് | കണ്ടമംഗലം |
| | പാലക്കാട് | ബിനി ജോസ് | കത്തീഡ്രൽ |
| | വടക്കഞ്ചേരി | അർജ്ജുൻ ബാബു | വടക്കഞ്ചേരി |
| | മേലാർക്കോട് | സാൽവിയ മാത്യു | ഒലിപ്പാറ |
| XII | | | |
| I. | അജീഷ് ഫ്രാൻസിസ് | | കണ്ടമംഗലം |
| II | ലിന്റ ജോസഫ് | | മണ്ണാർക്കാട് |
| III | ജെയ്ബി ജെയിംസ് | | കയറാടി |





| | | | |
|---|---|---|---|
| **ഫൊറോനതലം** | | | |
| | താവളം | രേഷ്മ ജോസഫ് | കാരറ |
| | പാലക്കാട് | ഡാലിയ റ്റി | കല്ലേക്കാട് |
| | കാഞ്ഞിരപ്പുഴ | രേഷ്മ കുളമ്പുക്കാട്ട് | വിമലഗിരി |

## ചെറുകഥ മത്സരം–2009

| | | | |
|---|---|---|---|
| **ക്ലാസ്സ് V** | | | |
| I. | മേരി ജോസഫ് | | കത്തീഡ്രൽ പാലക്കാട് |
| II | ഡോണ ജോയ് | | കാരറ |
| III | ഫ്രാൻസി കെ.എഫ് | | ചന്ദ്രനഗർ |
| **ഫൊറോനതലം** | | | |
| | പാലക്കാട് | ലിജി ജോർജ്ജ് | കത്തീഡ്രൽ |
| | താവളം | രേഷ്മ ജോസഫ് | കാരറ |
| | മണ്ണാർക്കാട് | റേയ്ച്ചൽ ഫിലോ ജോജോ | ശ്രീകൃഷ്ണപുരം |
| **ക്ലാസ്സ് VI** | | | |
| I. | മിനു ബിജു | | വചനഗിരി |
| II | അമൽ സോണി | | കൊടുവായൂർ |
| III | സിൽറ്റ തോമാസ് | | മംഗലംഡാം |
| **ഫൊറോനതലം** | | | |
| | മേലാർക്കോട് | നീതു ജോയ് | മംഗലം ഡാം |
| | പാലക്കാട് | നിഷാൽ പോൾ | ടൗൺചർച്ച് മാങ്കാവ് |
| **ക്ലാസ്സ് VII** | | | |
| I. | വിൻഷ മാത്യു | | മണ്ണാർക്കാട് |
| II | ജിതിൻ കെ.ജോൺ | | ആരോഗ്യപുരം |
| III | ഒലിവിയ ജോജി | | തച്ചനടി |
| **ക്ലാസ്സ്VIII** | | | |
| I. | അമന്റ ബെന്നി | | പൊന്നംകോട് |
| II | ജിസ്മി പോൾ | | മൈലംപുള്ളി |
| III | എത്സ ഷോബി | | ചിറ്റൂർ |
| **ഫൊറോനതലം** | | | |
| | കാഞ്ഞിരപ്പുഴ | ദിയ മെറിൻ മാത്യു | പൂഞ്ചോല |
| | മേലാർക്കോട് | സജിനി ഫിലിപ്പ് | കടപ്പാറ |
| | പാലക്കാട് | അനീഷ സെൽവിൻ | കൊടുവായൂർ |
| | മണ്ണാർക്കാട് | സനീഷ് കെ.എം | മണ്ണാർക്കാട് |
| **ക്ലാസ്സ് IX** | | | |
| I. | സാന്ദ്ര മരിയ ജെ. | | ഷൊർണ്ണൂർ |
| II | അഞ്ജു ജോസഫ് | | ടൗൺ ചർച്ച് മാങ്കാവ് |
| III | അന്ന മരിയ ജോർജ്ജ് | | ചിറ്റൂർ (പാലക്കാട്) |
| **ഫൊറോനതലം** | | | |
| | കാഞ്ഞിരപ്പുഴ | അനിറ്റ തോമസ് | കാഞ്ഞിരപ്പുഴ ഡാം |
| | മേലാർക്കോട് | ഷാരോൺ ജേക്കബ് | ഒലിപ്പാറ |
| | താവളം | നിധിയ ജോസഫ് | ഷോളയൂർ |
| | മേലാർക്കോട് | സച്ചിൻ ബാബു | മംഗലംഡാം |
| **ക്ലാസ്സ് X** | | | |
| I. | ജെയ്സൺ ജോണി | | കയറാടി |
| II | റ്റീന കുര്യൻ | | ഇരുമ്പകചോല |
| III | മരിയ ജോർജ്ജ് | | ഇളവംപാടം |



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**ഫൊറോനതലം**

| | | |
|---|---|---|
| മണ്ണാർക്കാട് | ആഷ്‌ലി ടോം | പുല്ലിശ്ശേരി |
| പാലക്കാട് | ഫിജി ഫ്രാൻസിസ്. എൻ | കോട്ടായി |
| വടക്കഞ്ചേരി | ചെൽസിയ ജോർജ്ജ് | വടക്കഞ്ചേരി |

ക്ലാസ്സ് XI

| | | |
|---|---|---|
| I | അജ്ഞു അൽഫോൺസ | കയറാടി |
| II | സാൽവിയ മാത്യു | ഒലിപ്പാറ |
| III | സൗരഭ്യ മൈക്കിൾ | കോട്ടത്തറ |

ഫൊറോനതലം

| | | |
|---|---|---|
| മേലാർക്കോട് | നീതു തോമസ് | ഇളവംപാടം |
| പാലക്കാട് | ബിനി ജോസ് | കത്തീഡ്രൽ പാലക്കാട് |
| വടക്കുഞ്ചേരി | റ്റിനി മോൾ തോമസ് | പാലക്കുഴി |
| ഒലവക്കോട് | ആതിര തോമസ് | സെന്റ് ജൂഡ് മലമ്പുഴ |

ക്ലാസ്സ് XII

| | | |
|---|---|---|
| I. | എമിൽഡ | ആനയ്ക്കൽ |
| II | ബോണി ആൻ സണ്ണി | അഗളി |
| III | അൽഫോൻസ ജോയ് | മൈലംപുള്ളി |

**ഫൊറോനതലം**

| | | |
|---|---|---|
| കാഞ്ഞിരപ്പുഴ | ലിയ ജോൺ | ഇരുമ്പകചോല |
| വടക്കഞ്ചേരി | മാർഗരറ്റ് ട്രീസ തോമസ് | രാജഗിരി |
| മേലാർക്കോട് | ജെയ്ബി ജെയിംസ് | കയറാടി |

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

# Bible Apostolate

**ലോഗോസ് ക്വിസ് സമ്മാനങ്ങളുടെ വിശദവിവരങ്ങൾ**

A B C D E വിഭാഗങ്ങളിൽ

| | |
|---|---|
| ഒന്നാം സമ്മാനം | RS.1000/ + KCBCസർട്ടിഫിക്കറ്റ് |
| രണ്ടാം സമ്മാനം | RS .750/ + KCBCസർട്ടിഫിക്കറ്റ് |
| മൂന്നാം സമ്മാനം | RS.500/ + KCBC സർട്ടിഫിക്കറ്റ് |
| നാലാം സമ്മാനം | RS.250/ + KCBC സർട്ടിഫിക്കറ്റ് |
| അഞ്ചാം സമ്മാനം | പി.ഒ.സി.തരുന്ന പുസ്തകം + KCBC സർട്ടിഫിക്കറ്റ് |

സൺഡേ സ്കൂൾ തലം 5 മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലേയും 1, 2, 3 സ്ഥാനക്കാർക്ക് രൂപതാ മതബോധന കേന്ദ്രം നൽകുന്ന സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകാർക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% കുട്ടികളും പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾക്കും ട്രോഫികൾ. ഇടവകൾക്ക് 25പേരുടെ രജിസ്ട്രേഷന് ഒന്ന് എന്ന ആനു





പാതത്തിൽ പി.ഒ.സി.തരുന്ന സമ്മാനങ്ങൾ എല്ലാ സമ്മാനങ്ങളും രൂപതാതല ലോഗോസ് അവാർഡ്ദാന ദിനമായ 2010 ജനുവരി 26-ാം തിയ്യതി 10.00 മണിക്ക് പാസ്റ്ററൽ സെന്ററിൽ വെച്ച് അഭിവന്ദ്യ പിതാവ് നൽകുന്നതാണ്.

**ലോഗോസ് ക്വിസ് 2009 റിസൽട്ട്**

**A വിഭാഗം**

| | | |
|---|---|---|
| 1. | നമിത ജോർജ്ജ് | മംഗലം ഡാം |
| 2. | അജ്ഞന വി.എസ് | കാഞ്ഞിരപ്പുഴ |
| 3. | ഗ്രേയ്സ് ആന്റോ | കൊഴിഞ്ഞാമ്പാറ |

**B വിഭാഗം**

| | | |
|---|---|---|
| 1. | സംഗീത സജീവ് | വടക്കഞ്ചേരി |
| 2. | ജെഫിൻ മാത്യു | കാഞ്ഞിരപ്പുഴ |
| 3. | ചെൽസിയ ജോർജ്ജ് | വടക്കഞ്ചേരി |

**C വിഭാഗം**

| | | |
|---|---|---|
| 1. | രമ്യ സാമുവേൽ | ഉണ്ണിമല |
| 1. | ആശ ഡെന്നി | പരുത്തിക്കാട് |
| 2. | സി.അജ്ഞലി മരിയ DDP | പുലാപറ്റ |
| 3. | നിഷ ബാബു | പൂഞ്ചോല |
| 3 | ഷാൻസി ജോർജ്ജ് | കണ്ടമംഗലം |
| 3 | സി. അർച്ചന | ഷൊർണ്ണൂർ |

**D വിഭാഗം**

| | | |
|---|---|---|
| 1. | ജയ ചെറിയാൻ | ലിസ്യുനഗർ |
| 2. | ജാൻസി മൈക്കിൾ | ഉടുമൽപേട്ട് |
| 2. | റോസി ചാണ്ടി | ലിസ്യുനഗർ |
| 2. | സി.ജിസ FCC | മാങ്കാവ് |
| 3. | സി.ഷൈബി CMC | എടത്തനാട്ടുക്കര |
| 3. | സാലി തോമസ് | തിരുവിഴാംകുന്ന് |

**E വിഭാഗം**

| | | |
|---|---|---|
| 1. | സി.ബെൻസി CMC | ലിസ്യു നഗർ |
| 2. | V.O. സക്കറിയ | ഉടുമൽപേട്ട് |
| 3. | ജോൺ K.V | എടത്തനാട്ടുകര |
| 3. | ഫിൻബർ CMC | കാണിക്കമാത |

**സംസ്ഥാനതല വിജയികൾക്ക് അഭിനന്ദനങ്ങൾ**

ലോഗോസ് ക്വിസ് 2009 സംസ്ഥാനതല പരീക്ഷയിൽ D വിഭാഗത്തിൽ



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

ഒന്നാം സ്ഥാനത്തിനർഹയായ ജയ ചെറിയാൻ (ലിസ്യൂ നഗർ), നാലാം സ്ഥാനം നേടിയ ജാൻസി മൈക്കിൾ (ഉടുമൽപേട്ട്), C വിഭാഗത്തിൽ നാലാം സ്ഥാനം കരസ്ഥമാക്കിയ സി. അഞ്ജലി മരിയ DDP (പുലാപ്പറ്റ) എന്നിവർക്കും പരീക്ഷയിൽ പങ്കെടുത്തവർക്കും ഏകാംഗ നാടക രചനയിൽ രണ്ടാം സ്ഥാനവും ഉപന്യാസ മത്സരത്തിൽ മൂന്നാം സ്ഥാനവും നേടിയ കുസുമം ജോസ് (കാഞ്ഞിരപ്പുഴ), ഡെയ്സൺ വർഗ്ഗീസ് (കൊടുന്തിരപ്പുള്ളി) എന്നിവർക്കും അഭിനന്ദനങ്ങൾ!!!

**ലോഗോസ് ക്വിസ് - 2010**

പാഠഭാഗം: പുറപ്പാട് 1-15, മത്തായി 1-14, യാക്കോബ് എഴുതിയ ലേഖനം

രൂപതാതല പരീക്ഷാ തിയ്യതി: 2010 സെപ്റ്റംബർ 26, 2.00 pm - 3.30 pm

സംസ്ഥാനതല പരീക്ഷ തിയ്യതി: 2010 നവംബർ 21

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

# മാതൃസംഘം

**മാതൃസംഘം രൂപതാതല ജനറൽബോഡി**

2009 ഡിസംബർ 12നു ശനിയാഴ്ച്ച പാലക്കാട് രൂപത മാതൃസംഘം വാർഷിക ജനറൽ ബോഡി മീറ്റിംഗ് നടത്തുന്നു. പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്ന മീറ്റിംഗിൽ ഫൊറോന ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികളിൽ ആനിമേറ്റർ, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ നിർബന്ധമായും പങ്കെടുക്കണം. ഫൊറോന വാർഷിക റിപ്പോർട്ടും എല്ലാ യൂണിറ്റുകളുടെയും വാർഷിക റിപ്പോർട്ടും സമർപ്പിക്കണം. രാവിലെ 10 മണിക്ക് ആരംഭിച്ച് 3.30 മണിക്ക് സമാപിക്കും. സെമിനാർ രജിസ്ട്രേഷൻ ഫീസ് യൂണിറ്റൊന്നിന് 100 രൂപ. എല്ലാ ഫൊറോന കോ-ഓഡിനേറ്റർമാരെയും യൂണിറ്റ് ഡയറക്ടർമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**യൂണിറ്റ് - ഉണർവ്വ് 2010**

2010 ജനുവരി- ഫെബ്രുവരി മാസങ്ങൾ യൂണിറ്റിൽ പുതിയ അംഗങ്ങളെ ചേർക്കണം. അഫിലിയേഷൻ അംഗങ്ങളുടെ മുഴുവൻ ലിസ്റ്റോടു കൂടി രൂപതയിൽ പുതുക്കേണ്ട സമയമാണിത്. അഫിലിയേഷൻ ഫീസ്: പുതുക്കൽ 75/- മുടക്കം വരുത്തിയവർ കുടിശ്ശികകൾ അടയ്ക്കണം. പുതിയ യൂണിറ്റ് 100/-. 2010 ഫെബ്രുവരി 28 അഫിലിയേഷൻ പുതുക്കേണ്ടതായ അവസാന തിയ്യതി.





**കർമ്മപദ്ധതി പ്രകാശനവും പ്രവർത്തന വർഷാരംഭവും**

2010 ജനുവരി മുതൽ ഡിസംബർ വരെയാണ് പ്രവർത്തനവർഷം. 2010 മാർച്ച് 6ന് കർമ്മപദ്ധതി പ്രകാശനം നടക്കും.

2009 ൽ മാതൃസംഘം രൂപതാതലത്തിൽ നടത്തിയ വിവിധ മത്സരങ്ങൾ സാഹിത്യോത്സവ്, സർഗോത്സവ്, ഡിബേറ്റ്, സൃഷ്ടി (കൈയെഴുത്തുപ്രതി) എന്നിവയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി. വിജയികളായവർക്ക് അഭിനന്ദനങ്ങൾ. അവരെ ഒരുക്കി വിട്ടവർക്കും സഹായിച്ചവർക്കും പ്രോത്സാഹിപ്പിച്ചവർക്കും നന്ദിയുടെ കൂപ്പുകൈ. തുടർന്നും സഹകരണം പ്രതീക്ഷിക്കുന്നു. മത്സരഫലങ്ങൾ താഴെ കൊടുക്കുന്നു.

**സാഹിത്യോത്സവ് 2009**

**ബൈബിൾ ജനറൽ ക്വിസ്**

**സീനിയേഴ്സ്**

| | | |
|---|---|---|
| I. | വത്സ കുര്യൻ, | തച്ചനടി |
| II. | ലൈസമ്മ കുര്യൻ, | മംഗലംഡാം |
| III. | ഷൈൻജോ കുരിക്കൽ, | നീതിപുരം |

**ജൂനിയേഴ്സ്**

| | | |
|---|---|---|
| I. | ബേബി ഡേവീസ്, | ഗാന്ധിപുരം |
| II. | ഷാന്റി ജോയി, | ധോണി |
| III. | റീന സാബു, | മംഗലംഡാം |

**പ്രസംഗം**

**സീനിയേഴ്സ്**

| | | |
|---|---|---|
| I. | വത്സ കുര്യൻ | തച്ചനടി |
| II. | അന്നമ്മ ജോർജ്ജ് | മണ്ണാർക്കാട് |
| III. | ലാലി തോമസ് | പുല്ലിശ്ശേരി |

**ജൂനിയേഴ്സ്**

| | | |
|---|---|---|
| I. | ഷാന്റി ജോയി | ധോണി |
| II. | റീന സാബു | മംഗലംഡാം |
| III. | ബേബി ഡേവീസ് | ഗാന്ധിപുരം |

**ഉപന്യാസരചന**

**സീനിയേഴ്സ്**

| | | |
|---|---|---|
| I. | വത്സ കുര്യൻ, | തച്ചനടി |
| II. | അന്നമ്മ ജോർജ്ജ് | മണ്ണാർക്കാട് |
| III. | ലാലി തോമസ്, | പുല്ലിശ്ശേരി |

**ജൂനിയേഴ്സ്**

| | | |
|---|---|---|
| I. | ബേബി ഡേവിസ് | ഗാന്ധിപുരം |
| II. | റീനാ സാബു | മംഗലംഡാം |

**ഡിബേറ്റ്**

| | | |
|---|---|---|
| I. | ലാലി തോമസ് ആന്റ് പാർട്ടി | മണ്ണാർക്കാട് ഫൊറോന |
| II. | ഡെയ്സി ആന്റ് പാർട്ടി | വടക്കഞ്ചേരി ഫൊറോന |
| III. | ഷേർളി ആന്റ് പാർട്ടി, | ഒലവക്കോട് ഫൊറോന |



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**പ്രഛന്ന വേഷം**

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I. | ഷൈനി ജോസഫ് | രാമനാഥപുരം, | കോയമ്പത്തൂർ |
| II. | ലില്ലി ജോസ് | പാലപ്പുറം | ഒറ്റപ്പാലം |
| III. | റോസിലി മാത്യു | ഒലവക്കോട് | ഒലവക്കോട് |

**ജൂനിയേഴ്സ്**

| | | | |
|---|---|---|---|
| I. | ബിനി | കത്തീഡ്രൽ | പാലക്കാട് |
| II. | റ്റീന ജോബി, | പാലപ്പുറം | ഒറ്റപ്പാലം |
| III. | ജോളി ജോസ് | മൈലംപുള്ളി | ഒലവക്കോട് |

**ലളിതഗാനം**

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I. | ഡെയ്സി ടോമി | കടമ്പഴിപ്പുറം | ഒറ്റപ്പാലം |
| II. | നിർമ്മല തോമസ് | പുലാപ്പറ്റ | ഒലവക്കോട് |
| III. | എൽസ, | തത്തമംഗലം | പാലക്കാട് |
| III. | ജെസ്സി ചുക്കാനിയിൽ | വടക്കഞ്ചേരി | വടക്കഞ്ചേരി |

**ജൂനിയേഴ്സ്**

| | | | |
|---|---|---|---|
| I. | സുപ്രിയ ഷാജു | പാലപ്പുറം | ഒറ്റപ്പാലം |
| II. | ലിസി ബിജു | കണ്ടമംഗലം | മണ്ണാർക്കാട് |
| III. | ഷൈലി വിൻസെന്റ് | ആലത്തൂർ | മേലാർക്കോട് |
| III. | ജൂലി ബിജു | ആരോഗ്യപുരം | വടക്കഞ്ചേരി |

**പ്രസംഗം**

| | | | |
|---|---|---|---|
| I. | റാണി മാമ്മൻ | ഒലവക്കോട് | ഒലവക്കോട് |
| II. | വത്സമ്മ മാത്യു | പാലപ്പുറം | ഒറ്റപ്പാലം |
| III. | ഷൈനി ജോസഫ് | രാമനാഥപുരം | കോയമ്പത്തൂർ |

**ജൂനിയേഴ്സ്**

| | | | |
|---|---|---|---|
| I. | സീന ജോഷി | ആലത്തൂർ | മേലാർക്കോട് |
| II. | ബിനി | കത്തീഡ്രൽ | പാലക്കാട് |
| III. | ഷാന്റി ജോയി | ധോണി | ഒലവക്കോട് |

**മോണോആക്ട്**

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I. | ഷേർളി റോയി, | ധോണി | ഒലവക്കോട് |
| II. | ലിസി | തത്തമംഗലം | പാലക്കാട് |
| III. | സെലിൻ ടോം | തച്ചനടി | വടക്കഞ്ചരി |

**ജൂനിയേഴ്സ്**

| | | | |
|---|---|---|---|
| I. | ബിന്ദു സിറിയക് | കൈതച്ചിറ | മണ്ണാർക്കാട് |
| II. | ലീന വർഗ്ഗീസ്സ് | സായിബാബ കോളനി | കോയമ്പത്തൂർ |
| III. | റോഷിമ | കുളക്കാട്ടുക്കുറിശ്ശി | ഒറ്റപ്പാലം |

**കവിതാപാരായണം**

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I | സെലിൻ ടോം | തച്ചനടി | വടക്കഞ്ചരി |
| II | റാണി മാമ്മൻ | ഒലവക്കോട് | ഒലവക്കോട് |
| III | സൂസമ്മ ജോർജ്ജ് | കണ്ടമംഗലം | മണ്ണാർക്കാട് |





**ജൂനിയേഴ്സ്**

| | | | |
|---|---|---|---|
| I | ബിന്ദു സിറിയക് | കൈതച്ചിറ | മണ്ണാർക്കാട് |
| II | ഷൈനി രാജു | കണ്ണമ്പ്ര | വടക്കഞ്ചേരി |
| III | സീന ജോഷി | ആലത്തൂർ | മേലാർക്കോട് |

**കവിതാ രചന**

**സീനിയേഴ്സ്**

| | | | |
|---|---|---|---|
| I | ലിസ്സമ്മ ടോമി | മംഗലംഡാം | മേലാർക്കോട് |
| II | റാണി മാമ്മൻ | ഒലവക്കോട് | ഒലവക്കോട് |
| III | മേരി എബ്രഹം | കത്തീഡ്രൽ | പാലക്കാട് |

**ജൂനിയേഴ്സ്**

| | | | |
|---|---|---|---|
| I | റീന സാബു | മംഗലംഡാം | മേലാർക്കോട് |
| II | റോഷിമ | കുളക്കാട്ടുകുർശ്ശി | ഒറ്റപ്പാലം |
| III | ഷെന്നിമോൾ | കത്തീഡ്രൽ | പാലക്കാട് |

**പാചകം (ഫ്രൂട്ട്സലാഡ്)**

| | | | |
|---|---|---|---|
| I | ലാലി വിൽസൺ | കഞ്ചിക്കോട് | പാലക്കാട് |
| II | ലില്ലി സണ്ണി | ജോസ്ഗിരി | വടക്കഞ്ചേരി |
| III | മഞ്ജു ജോജി | ധോണി | ഒലവക്കോട് |

**പുഷ്പാലങ്കാരം**

| | | | |
|---|---|---|---|
| I | ലിസമ്മ ടോമി | മംഗലംഡാം | മേലാർക്കോട് |
| II | ലില്ലി സണ്ണി | ജോസ്ഗിരി | വടക്കഞ്ചേരി |
| III | മഞ്ജു ജോജി | ധോണി | ഒലവക്കോട് |

**സമൂഹഗാനം**

| | | | |
|---|---|---|---|
| I | റാണി മാമ്മൻ & പാർട്ടി | ഒലവക്കോട് | ഒലവക്കോട് |
| II | ലാലിസ്കറിയ & പാർട്ടി | ചീനിക്കപ്പാറ | കാഞ്ഞിരപ്പുഴ |
| III | നിർമ്മല തോമസ് & പാർട്ടി | പുലാപ്പറ്റ | ഒലവക്കോട് |
| III | ബിന്ദു സിറിയക് & പാർട്ടി | കൈതച്ചിറ | മണ്ണാർക്കാട് |

**സമൂഹനൃത്തം**

| | | | |
|---|---|---|---|
| I | കൊച്ചുറാണി & പാർട്ടി | കത്തീഡ്രൽ | പാലക്കാട് |
| II | ഷൈനി ജോസഫ് & പാർട്ടി | രാമനാഥപുരം | കോയമ്പത്തൂർ |
| III | ലജി & പാർട്ടി | തത്തമംഗലം | പാലക്കാട് |

**ബൈബിൾ ദൃശ്യാവതരണം**

| | | | |
|---|---|---|---|
| I | റീനാ സാബു & പാർട്ടി | മംഗലംഡാം | മേലാർക്കോട് |
| II | ഷൈലമ്മ ജസ്റ്റിൻ & പാർട്ടി | ധോണി | ഒലവക്കോട് |
| III | റാണി മാമ്മൻ & പാർട്ടി | ഒലവക്കോട് | ഒലവക്കോട് |
| III | ജൈനമ്മ ജോസ് & പാർട്ടി | കൈതച്ചിറ | മണ്ണാർക്കാട് |

**Individual Championship**

| | | |
|---|---|---|
| സീനിയർ : റാണി മാമ്മൻ | ഒവലക്കോട് | ഒലവക്കോട് |
| ജൂനിയർ : ബിന്ദു സിറിയക് | കൈതച്ചിറ | മണ്ണാർക്കാട് |



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**രൂപതാതലത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയവർ**

| | |
|---|---|
| I | ഒലവക്കോട് ഫൊറോന |
| II | പാലക്കാട് ഫൊറോന |
| II | മേലാർക്കോട് ഫൊറോന |
| III | ഒറ്റപ്പാലം ഫൊറോന |

സർഗോത്സവ് 2009 രൂപതാതല കലാമത്സരങ്ങൾ 2009 നവംബർ 21ന് പാസ്റ്ററൽ സെന്ററിലും കത്തീഡ്രൽ സ്കൂളിലുമായി നടത്തപ്പെട്ടു. ബഹു. രാജു പുളിക്കത്താഴെ (പ്രിൻസിപ്പൽ, സെന്റ് റാഫേൽസ് കത്തീഡ്രൽ സ്കൂൾ) ഉദ്ഘാടനവും, ബഹു. ജോബി കാച്ചപ്പിള്ളി (അസി. ഡയറക്ടർ, വിശ്വാസ പരിശീലനം, വികാരി, സെന്റ് ജൂഡ് ചർച്ച്, മലമ്പുഴ) സമ്മാനദാനവും നിർവഹിച്ചു. മാതൃസംഘം രൂപതാ ഡയറക്ടറും ഭാരവാഹികളും മത്സരപരിപാടികൾക്ക് നേതൃത്വം നൽകി.

**സൃഷ്ടി 2009**

കയ്യെഴുത്തുപ്രതി സമ്മാനങ്ങൾ രൂപതാ ജനറൽബോഡി മീറ്റിംഗിൽ വെച്ച് നൽകും. കൃതികൾ അന്നേദിവസം തിരിച്ചു നൽകും.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**

ഡയറക്ടർ, മാതൃസംഘം

# അൾത്താരസംഘം

**അൾത്താരസംഘം രൂപതാതല ക്വിസ് മത്സരം**

പൗരോഹിത്യ വർഷം ആചരിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണല്ലോ അൾത്താരശുശ്രൂഷകന്മാരുടെ രൂപീകരണം. അൾത്താര ശുശ്രൂഷകരുടെ രൂപീകരണം. അൾത്താര ശുശ്രൂഷ പ്രഥമിക സെമിനാരി കാലഘട്ടമാണെന്ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ അഭിപ്രായപ്പെടുന്നു. അൾത്താരയിലെ കൂദാശ പരികർമ്മങ്ങളോട് അടുത്ത് നിൽക്കുന്ന ശുശ്രൂഷകർ നല്ല രൂപീകരണത്തിന് വിധേയരാകണം. ഇതിനു വേണ്ട പരിശീലനവും അവർക്കുണ്ടാകണം.

പഠന ഭാഗങ്ങൾ

1. കുർബ്ബാന പുസ്തകം — 35 മാർക്ക്
2. ജനറൽ ക്വിസ് 2009 — 50 മാർക്ക്
3. അൾത്താരശുശ്രൂഷകർ (1-7 അദ്ധ്യായങ്ങൾ) — 15 മാർക്ക്
   ഫാ. സ്റ്റീഫൻ ആലത്തറ

ഫൊറോനയിൽ 1, 2 സ്ഥാനങ്ങൾ നേടിയ ടീമുകൾക്ക് (ജൂനിയർ,സീനിയർ) രൂപതാ മത്സരത്തിൽ പങ്കുചേരാവുന്നതാണ്. ജൂനിയർ വിഭാഗം 7-ാം ക്ലാസ്സ് വരെ, സീനിയർ വിഭാഗം 8 മുതൽ II HDC വരെ.





**രൂപതാതല മത്സരം** : ഡിസംബർ 19 ശനി

സ്ഥലം പാസ്റ്ററൽ സെന്റർ, സമയം: 10.00 AM

**രൂപതാതല സമ്മാനങ്ങൾ**

1-ാം സമ്മാനം - 1000 രൂപയും എവർ റോളിങ്ങ് ട്രോഫിയും

2-ാം സമ്മാനം - 750 രൂപയും എവർ റോളിങ്ങ് ട്രോഫിയും

3-ാം സമ്മാനം - 500 രൂപയും എവർ റോളിങ്ങ് ട്രോഫിയും

പങ്കെടുക്കാനുള്ളവർ രാവിലെ 9.30ന് പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്.

**ഫൊറോനതല അൾത്തരസംഘം ക്വിസ് മത്സര വിജയികൾ.**

**സീനിയേഴ്സ്**

**പാലക്കാട് ഫൊറോന**

| | | |
|---|---|---|
| I | അലൻ ജെ.പാറപ്പുറം | |
| | ഫ്രെഡി.കെ.ഫ്രാൻസിസ് | കത്തീഡ്രൽ |
| II | ജീസ് മോൻ എ.ഡി | |
| | എമിൻ പി.റ്റി | കഞ്ചിക്കോട് |

**മണ്ണാർക്കാട് ഫൊറോന**

| | | |
|---|---|---|
| I | സാവിയോ ബേബി | |
| | ജെറിൻ ജോർജ്ജ് | മണ്ണാർക്കാട് |
| II | അതുൽ ലൂക്കോ | |
| | ലിൻസ് വർഗ്ഗീസ് | പുല്ലിശ്ശേരി |

**വടക്കഞ്ചേരി ഫൊറോന**

| | | |
|---|---|---|
| I | ജെമിൻ ജെയിംസ് | |
| | അഖിൽ ദേവസ്യ | വചനഗിരി |
| II | തോമാസ് ജോസഫ് | |
| | ബിറ്റോ തോമസ് | വടക്കഞ്ചേരി |

**മേലാർക്കോട് ഫൊറോന**

| | | |
|---|---|---|
| I | നിഖിൽ | |
| | ബെസ്റ്റോ | കയറാടി |
| II | മെൽവിൻ പൗലോസ് | |
| | സച്ചിൻ ബാബു | മംഗലംഡാം |

**കാഞ്ഞിരപ്പുഴ ഫൊറോന**

| | | |
|---|---|---|
| I | ജെഫിൻ മാത്യു | |
| | ഡാനി വർഗ്ഗീസ് | കാഞ്ഞിരപ്പുഴ |
| II | ജോയ്സ് ജോസഫ് | |
| | നെൽസൺ വർഗ്ഗീസ് | പൂഞ്ചോല |

**ഒറ്റപ്പാലം ഫൊറോന**

| | | |
|---|---|---|
| I | സെബിൻ ജോസ് | |
| | നൈനാൻ അബ്രഹാം | കടമ്പഴിപ്പുറം |
| II | ടോം ജെ. മുതിരേന്തിൽ | |
| | ജോഷി പി.ജി. | കേരളശ്ശേരി |

**ഒലവക്കോട് ഫൊറോന**

| | | |
|---|---|---|
| I | അലൻ എം.എ | |
| | ഡാനിയേൽ പി. ജോർജ്ജ് | ഒലവക്കോട് |
| II | ആൽബിൻ സേവ്യർ | |
| | സിജോ കെ. സോജൻ | സെന്റ് ജൂഡ്, മലമ്പുഴ |



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**താവളം ഫൊറോന**

| | | |
|---|---|---|
| I | സച്ചിൻ ജോസഫ് | |
| | ലിജു എം. സിബി | കാരറ |
| II | ആൽവിൻ ജോയ് | |
| | ഫെബിൻ ബേബി | ചിറ്റൂർ |

**കോയമ്പത്തൂർ ഫൊറോന**

| | | |
|---|---|---|
| I | സജിൻ | |
| | അജയ് | ഇടയപാളയം |
| II | അൽജോ | |
| | ഐസക് | മേട്ടുപ്പാളയം |

## ജൂനിയേഴ്സ്

**പാലക്കാട് ഫൊറോന**

| | | |
|---|---|---|
| I | സാൻജോ സണ്ണി | |
| | മെൽജോ ചാക്കോ | കഞ്ചിക്കോട് |
| II | ആദർശ് പി.ബെന്നി | |
| | ആൽബർട്ട്. ജെ | യാക്കര |

**മണ്ണാർക്കാട് ഫൊറോന**

| | | |
|---|---|---|
| I | ജിത്തു. ജെ.എ | |
| | ജിയോ തോമസ് | ശ്രീകൃഷ്ണപുരം |
| II | റിച്ചാർഡ്. വി. റോബി | |
| | അതുൽ തങ്കച്ചൻ | പുല്ലശ്ശേരി |

**വടക്കഞ്ചേരി ഫൊറോന**

| | | |
|---|---|---|
| I | അരുൺ ആന്റണി | |
| | ജസ്മിൻ ജെയിംസ് | വചനഗിരി |
| II | ജൊഫിൻ റെജി | |
| | കെവിൻ റെജി | കണ്ണമ്പ്ര |

**മേലാർക്കോട് ഫൊറോന**

| | | |
|---|---|---|
| I | ഷിബിൻ ജോൺ | |
| | ചഞ്ചൽ | കയറാടി |
| II | ജിതിൻ സെബാസ്റ്റ്യൻ | |
| | അനൂപ് ജോസഫ് | ഒലിപ്പാറ |

**കാഞ്ഞിരപ്പുഴ ഫൊറോന**

| | | |
|---|---|---|
| I | ജിമോൻ | |
| | പ്രവീൺ | ചുള്ളിയാംകുളം |
| II | റിന്റോ | |
| | ജെയിംസ് | പൊമ്പ്ര |

**ഒറ്റപ്പാലം ഫൊറോന**

| | | |
|---|---|---|
| I | ലാൽജോസ് | |
| | ആന്റോ ബേബി | ഷൊർണൂർ |
| II | അമൽഷാ | |
| | ബിബിൻ | കടമ്പഴിപ്പുറം |

**ഒലവക്കോട് ഫൊറോന**

| | | |
|---|---|---|
| I | നിഖിൽ ബേബി | |
| | സെബി ബി. സജി | സെന്റ് ജൂഡ്, മലമ്പുഴ |
| II | ജിജോ പി.എ. | |
| | ജോർജ്ജ് നെവിൻ | ഒലവക്കോട് |





**താവളം ഫൊറോന**

| | | |
|---|---|---|
| I | ആശിഷ് സണ്ണി | |
| | ജിജിൻ സണ്ണി | കാരറ |
| II | ആഷ്‌ലിൻ ഷിബു | |
| | മാർട്ടിൻ ജോസഫ് | അഗളി |

**കോയമ്പത്തൂർ ഫൊറോന**

| | | |
|---|---|---|
| I | സനൽ | |
| | ലിബിൻ | ഇടയപാളയം |
| II | ആൽവിൻ ജോസ് | |
| | നിധിൻ സണ്ണി | രാമനാഥപുരം |

### അൾത്താരസംഘം സെമിനാർ

കോയമ്പത്തൂർ റീജിയൻ അൾത്താരസംഘം സെമിനാർ നവംബർ 7 ശനിയാഴ്ച രാമനാഥപുരം ഹോളി ട്രിനിറ്റി ഫൊറോന ദൈവാലയത്തിൽ വെച്ച് നടത്തി. 55 കുട്ടികൾ പങ്കെടുത്തു. മോൺ. റവ. ഫാ. ജോർജ്ജ് നരിക്കുഴി ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജെയ്ജൻ വെള്ളിയാംകണ്ടത്തിൽ റവ. ഫാ. ബിജോയ് ചോതിരക്കോട്ട് എന്നിവർ നേതൃത്വം നൽകി.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, അൾത്താരസംഘം

# തിരുബാലസഖ്യം

### ക്രിസ്തുമസ് ആശംസകൾ

ആഗതമാകുന്ന ഈശോയുടെ പിറവിത്തിരുന്നാളിന്റെ ആശംസകൾ എല്ലാ കുഞ്ഞുമക്കൾക്കും സ്നേഹപൂർവ്വം നേരുന്നു. ക്രിസ്തുമസ്സ് കാലങ്ങളിൽ ഓരോ ദിവസവും ചൊല്ലേണ്ട സുകൃതജപങ്ങൾ കുഞ്ഞുങ്ങളെ പഠിപ്പിച്ചു കൊടുക്കാൻ ബഹു. ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

### തിരുബാലസഖ്യം കലോത്സവം

തിരുബാലസഖ്യം പാലക്കാട് രൂപത കേന്ദ്രത്തിൽ നിന്നും അഭിവാദനങ്ങൾ... സഖ്യത്തിൽപെട്ട നമ്മുടെ കുഞ്ഞുമക്കളുടെ ആത്മീയ വളർച്ചയോടൊപ്പം അവരുടെ നൈസർഗിക കഴിവുകൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ തിരുബാലസഖ്യത്തിന്റെ ഫൊറോന, രൂപതാതല മത്സരങ്ങൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. രൂപതാതല മത്സരം നടക്കുന്നത് 2010 ഫെബ്രുവരി 13നാണ്. അതിനുമുമ്പായി ഫൊറോന തല മത്സരങ്ങൾ നടത്തേണ്ടതുണ്ട്. അതിനാൽ ഡിസംബർ -ജനുവരി മാസങ്ങളിൽ സൗകര്യപ്രദമായ ഒരു ദിവസം ഫൊറോനകളിൽ മത്സരം ക്രമീകരിക്കാവുന്നതാണ്. ഫൊറോനയിൽ നിന്നും രൂപതയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ 2010 ജനുവരി 25-ാം തിയ്യതിക്ക് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**മത്സര ഇനങ്ങൾ**

**ജൂനിയേഴ്സ്** (1, 2 ക്ലാസ്സുകളിൽ പഠിക്കുന്നവർ)

ലളിതഗാനം, ആക്ഷൻ സോംഗ്, ബൈബിൾ കഥപറയൽ, പ്രസംഗം, പെൻസിൽ ഡ്രോയിംഗ്

**സീനിയേഴ്സ് (3, 4, ക്ലാസ്സുകളിൽ പഠിക്കുന്നവർ)**

ലളിതഗാനം, ഗ്രൂപ്പ് സോംഗ്, ആക്ഷൻ സോംഗ്, ബൈബിൾ പാരായണം, കഥാപ്രസംഗം, ബൈബിൾ വാക്യങ്ങൾ എഴുതൽ, പെൻസിൽ ഡ്രോയിംഗ്, പ്രസംഗം

**തിരുബാലസഖ്യം ആൽബം**

ഈ വർഷം തിരുബാലസംഖ്യം ആൽബം മത്സരവും സംഘടിപ്പിക്കുന്നു. "അനുരഞ്ജന കൂദാശ" എന്നതാണ് വിഷയം. ഈ വിഷയത്തെ ആസ്പദമാക്കിയുള്ള ബൈബിൾ സംഭവങ്ങൾ, ചിത്രങ്ങൾ, ഫോട്ടോകൾ എന്നിവ ഏറ്റവും മനോഹരമായ രീതിയിൽ ക്രമീകരിച്ചുണ്ടാക്കുന്ന ആൽബങ്ങളാണ് മത്സരത്തിനുദ്ദേശിക്കുന്നത്. ആൽബത്തിന്റെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. 15 പേജിൽ കൂടാനോ 10 പേജിൽ കുറയാനോ പാടില്ല. ഒരിടവകയിൽ നിന്ന് ഒരു ആൽബമേ സ്വീകരിക്കുകയുള്ളൂ. ഇടവകയിൽ നിന്നുള്ള ആൽബങ്ങൾ ജനുവരി 15 ന് മുമ്പ് ഫൊറോന ഡയറക്ടറെ ഏല്പിക്കുകയും, ഫൊറോന ഡയറക്ടർമാർ ഒന്നും, രണ്ടും സ്ഥാനം നേടുന്ന ആൽബങ്ങൾ ജനുവരി 20ന് മുമ്പ് രൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതുമാണ്. ആൽബത്തിന് ഓരോ യൂണിറ്റിനും ഇഷ്ടമുള്ള പേരുകൾ നൽകാവുന്നതാണ്. കുഞ്ഞുങ്ങളുടെ കഴിവും, ഒരുമയും, വികസിപ്പിക്കലാണ് ഇതിന്റെ ലക്ഷ്യമെന്നതിനാൽ ആനിമേറ്റർമാരുടെ നിർദ്ദേശപ്രകാരം കുഞ്ഞുങ്ങൾ തന്നെയാണ് ആൽബം ക്രമീകരിക്കേണ്ടത്.

**മത്സര നിയമാവലി**

**ലളിതഗാനം:** ക്രിസ്തീയ ഗാനങ്ങൾ ആയിരിക്കണം, സമയം 5 മിനിറ്റ്

**ബൈബിൾ കഥ പറയൽ :** ബൈബിൾ കഥ തന്നെയായിരിക്കണം, സമയം 5 മിനിട്ട്

**ബൈബിൾ പരായണം :** സുവിശേഷത്തിൽ നിന്ന് നിശ്ചിത ഭാഗം വായിക്കുവാൻ കൊടുക്കുന്നതാണ്. അധ്യായവും വാക്യവും പറയണം. ബൈബിളിനോടുള്ള ആദരവ്, വായനാ ശൈലി, ഉച്ചാരണശുദ്ധി തുടങ്ങിയ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ബൈബിൾ വാക്യം എഴുതൽ :** ഉദ്ദേശിക്കുന്ന വാക്യം മുഴുവൻ എഴുതണം. അധ്യായവും വാക്യവും എഴുതണം, സമയം 10 മിനിട്ട്

**പെൻസിൽ ഡ്രോയിംഗ് :** നൽകുന്ന ശിൽപമോ ചിത്രമോ നോക്കി വരയ്ക്കുക. സമയം 1 മണിക്കൂർ

**പ്രസംഗം : ജൂനിയേഴ്സ് 5 മിനിറ്റ്.**





വിഷയം : "വി. ജോൺമരിയ വിയാനിയും പ്രാർത്ഥനാ ജീവിതവും"

**സീനിയേഴ്സ് 5 മിനിട്ട്**

വിഷയം : "വി. ജോൺമരിയ വിയാനിയും അനുരഞ്ജന കൂദാശയും"

**കഥാപ്രസംഗം :** ബൈബിളിലെ കഥ തന്നെയായിരിക്കണം. സമയം 15 മിനിട്ട്. പിന്നണി അനുവദനീയമല്ല.

**ഗ്രൂപ്പ് സോംഗ് :** ക്രിസ്തീയ ഗാനങ്ങൾ ആയിരിക്കണം. ഒരു ടീമിൽ ചുരുങ്ങിയത് 4 പേർ. 7 പേരിൽ കൂടാൻ പാടില്ല. ഒരു സംഗീത ഉപകരണവും അനുവദനീയമല്ല. സമയം 5 മിനിട്ട്. സീനിയർ വിഭാഗത്തിൽ കുട്ടികൾ തികയുന്നില്ലെങ്കിൽ ജൂനിയേഴ്സിനെക്കൂടി ഇതിൽ പങ്കെടുപ്പിക്കാം.

**ക്വിസ് :** സീനിയേഴ്സിനു മാത്രമാണ് മത്സരം. രണ്ടുപേരടങ്ങുന്ന ഒരു ടീമിന് മത്സരിക്കാം. തിരുബാലസഖ്യം പാലക്കാട് രൂപത പ്രവർത്തന മാർഗരേഖയിൽ ഓരോ മാസവും കൊടുത്തിരിക്കുന്ന വിശുദ്ധരുടെ ജീവിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങളായിരിക്കും മത്സരത്തിനുണ്ടായിരിക്കുക. മാതൃകാ ചോദ്യങ്ങൾ ഈ സർക്കുലറിനോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഇടവകയിൽ നിന്ന് ഒന്നാം സ്ഥാനം നേടുന്നവർക്ക് ഫൊറോനയിലും ഫൊറോനയിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിന് രൂപതയിലും പങ്കെടുക്കാം.

**ആക്ഷൻ സോംഗ് :** കുറഞ്ഞത് 4 പേർ. 7 പേരിൽ കൂടരുത്. കുട്ടികൾ തന്നെ പാടി കളിക്കണം. ഒരു ആക്ഷൻ സോംഗ് മാത്രമെ അവതരിപ്പിക്കാവൂ. സമയം 5 മിനിട്ട്.

ഇടവക തലത്തിൽ വ്യക്തിഗത ഇനങ്ങളിലും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് ഫൊറോന തലത്തിൽ മത്സരിക്കാവുന്നതാണ്.

ഫൊറോന തലത്തിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും കഥാപ്രസംഗത്തിനും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനവും കരസ്ഥമാക്കുന്നവർക്ക് രൂപതാ തലത്തിൽ മത്സരിക്കാവുന്നതാണ്. ഒന്നാം സ്ഥാനത്തിനും, രണ്ടാം സ്ഥാനത്തിനും ഓരോ അവകാശികൾ മാത്രമേ ഉണ്ടാകാവു എന്ന കാര്യവും പ്രത്യേകം ഓർമ്മിക്കണേ.

വ്യക്തിഗത ഇനങ്ങളിൽ ഒരു കുട്ടിക്ക് 4 എണ്ണത്തിലേ പങ്കെടുക്കാവൂ.

**മതബോധനത്തിന് സ്കൂകളിൽ 4-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾ മാത്രമാണ് തിരുബാല സഖ്യാംഗങ്ങൾ. ആദ്യകുർബ്ബാന സ്വീകരണത്തിന്റെ അടിസ്ഥാനത്തിലല്ല തിരുബാലസഖ്യാംഗങ്ങളെ നിശ്ചയിക്കേണ്ടത്. ഒരു മത്സരത്തിനും ആൺ-പെൺ വേർതിരിവുണ്ടായിരിക്കുന്നതല്ല.**

**തിരുത്ത്**

തിരുബാലസഖ്യം രൂപതാ - ഫൊറോന എൻട്രിഫോമിൽ ആക്ഷൻ സോംഗ് വ്യക്തിഗത ഇനത്തിലാണ് ചേർത്തിരിക്കുന്നത്. എന്നാൽ അത് ഗ്രൂപ്പിനത്തിൽപ്പെട്ട മത്സരമാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ, തിരുബാലസഖ്യം



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# K.C.S.L

**കയ്യെഴുത്തുമാസിക**

മത്സരത്തിനുള്ള കയ്യെഴുത്തു മാസികകൾ ഇനിയും ഏൽപ്പിക്കാത്തവർ ഡിസംബർ 5-ാം തിയ്യതി കലാമത്സരങ്ങൾക്കു വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

ക്രിസ്തുമസ് കാർഡുകൾ ഒരുക്കിയിട്ടുണ്ട്. അവ രൂപത കെ. സി. എസ്. എൽ. ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

**കലാമത്സരങ്ങൾ**

ഈ വർഷത്തെ രൂപതാതല കെ. സി.എസ്.എൽ. കലാമത്സരങ്ങൾ ഡിസംബർ 5 ശനിയാഴ്ചയാണ്.

**ഇനങ്ങളും സമയവിവരവും**

UP, HS, HSS എന്നിങ്ങനെ വേർതിരിച്ച് മത്സരം നടത്തുന്നു. ലളിതഗാനം ഒഴികെ ഒരിനത്തിനും ആൺ-പെൺ വേർതിരിവില്ല.

A. **വ്യക്തിഗത ഇനങ്ങൾ**

1. പ്രസംഗം (മലയാളം 5 മിനിറ്റ്)
2. പ്രസംഗം (ഇംഗ്ലീഷ് 5 മിനിറ്റ്)
3. ലളിതഗാനം (5 മിനിറ്റ്)
4. മോണോ ആക്ട് (5 മിനിറ്റ്)
5. കഥാപ്രസംഗം (10 മിനിറ്റ്)
6. പാന (5 മിനിറ്റ്)
7. ഫാ. വില്യം പ്രസംഗം- യു.പി. വിഭാഗം (5 മിനിറ്റ്) (മാധ്യമസാക്ഷരത)
8. ചാവറ പ്രസംഗം- എച്ച്. എസ്. വിഭാഗം (5 മിനിറ്റ്) (ചാവറയച്ചന്റെ സംഭാവനകൾ മാധ്യമരംഗത്ത്)
9. ഫാ. കദളിക്കാട്ടിൽ പ്രസംഗം- എച്ച്.എസ്.എസ്. വിഭാഗം (5 മിനിറ്റ്)

B. **സംഘാത ഇനങ്ങൾ**

1. മാർഗ്ഗംകളി (കളിയാശാൻ ഉൾപ്പെടെ 7 പേർ 10 മിനിറ്റ്)
2. പരിചമുട്ടുകളി (കളിയാശാൻ ഉൾപ്പെടെ 8 പേർ 10 മിനിറ്റ്)
3. ചവിട്ടുനാടകം (കളിയാശാൻ ഉൾപ്പെടെ 7 പേർ 20 മിനിറ്റ്)
4. സ്റ്റഡി സർക്കിൾ (7 പേർ 15 മിനിറ്റ്)
5. കെ.സി.എസ്.എൽ. ഗാനം (7 പേർ 64 സെക്കന്റ്)

രൂപതാതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടുന്ന വ്യക്തികൾക്കും





ഗ്രൂപ്പിനങ്ങളിൽ ഓരോ ടീമിനും സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. ഒരു വിദ്യാർത്ഥിക്ക് വ്യക്തിഗതമായി 2 ഇനത്തിലും സംഘാതമായി 2 ഇനങ്ങളിലും മത്സരിക്കാം.

**സ്റ്റഡി സർക്കിൾ മത്സരം**

സ്കൂളുകളിൽ നിന്ന് യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗത്തിൽ നിന്നും ഏഴുപേർ അടങ്ങുന്ന മൂന്നു ടീമുകളെ മത്സരത്തിൽ പങ്കെടുപ്പിക്കാം.

'മാധ്യമതലമുറയുടെ മാർഗദർശി' എന്ന പഠന കളരി പുസ്തകത്തിൽ നിന്നും ഒരു വിഷയം ഓരോ വിഭാഗത്തിലുംപെട്ട ടീമിന് മുൻകൂട്ടി നൽകുന്നതാണ്. വിഷയാവതരണ രീതിയിലുള്ള മികവ്, വിശകലനം, ചർച്ച, ജീവിത പ്രചോദനരീതി, പ്രായോഗിക നിശ്ചയം എന്നീ അംശങ്ങളാണ് മൂല്യനിർണ്ണയത്തിന് പരിഗണിക്കുക. നാടകീയതയ്ക്ക് പ്രാധാന്യമില്ല.

**പ്രസംഗ മത്സരങ്ങൾ - വിഷയം**

യു.പി. മലയാളം : മാധ്യമങ്ങൾ ദൈവികദാനം

യു.പി ഇംഗ്ലീഷ് : The need of Media in Literacy

എച്ച്. എസ്. ഇംഗ്ലീഷ് :

Can we Trust the News Channels

എച്ച്. എസ്. എസ്. ഇംഗ്ലീഷ് :

The contradiction of the values of the gospel and of the media

എച്ച്.എസ്., എച്ച്. എസ്.എസ്. മലയാളം :

വിഷയം 5 മിനിറ്റ് മുമ്പ് നൽകും.

**പൊതു നിയമങ്ങളും നിർദ്ദേശങ്ങളും**

1. കെ.സി.എസ്.എൽ അംഗങ്ങൾക്ക് മാത്രമെ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളു.
2. കലാമത്സരങ്ങളുടെ വിഷയം ബൈബിൾ അധിഷ്ഠിതമായിരിക്കണം.
3. ഒരു വ്യക്തിക്ക് വ്യക്തിഗതമായി രണ്ട് ഇനങ്ങളിലും, സംഘാതമായി 2 ഇനങ്ങളിലും പങ്കെടുക്കാം.

**ഫാ. ആന്റോ കീറ്റിക്കൽ**
ഡയറക്ടർ, കെ. സി.എസ്.എൽ.

**ബുള്ളറ്റിൻ വരിസംഖ്യ**

രൂപതാ ബുള്ളറ്റിന്റെ വാർഷിക വരിസംഖ്യ രൂപതാ കേന്ദ്രത്തിൽ അടച്ച് രസീത് വാങ്ങിക്കാൻ ശ്രദ്ധിക്കുമല്ലോ.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# കെ.സി.വൈ.എം.

**രൂപതാ സെനറ്റ്**

ഡിസംബർ 12-13 തിയ്യതികളിലായി മുണ്ടൂർ യുവക്ഷേത്രയിൽ വെച്ച് രൂപതാ സെനറ്റ് നടക്കുന്നു. ഇതിനു മുമ്പായി യൂണിറ്റ്, ഫൊറോന സെനറ്റുകൾ നടന്നിരിക്കണം. പുതിയ ഭാരവാഹികളായ 5 വ്യക്തികളായിരിക്കും രൂപതാ സെനറ്റിനു വരേണ്ടത്. ശനിയാഴ്ച 5 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കുന്നു. വികാരിയച്ചന്റെ സാക്ഷ്യപത്രം നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

**ഷട്ടിൽ ടൂർണമെന്റ്**

പ്രവീൺ മെമ്മോറിയൽ ഇൻഡോർ ഷട്ടിൽ ഡബിൾസ് ടൂർണമെന്റ് മണ്ണാർക്കാട് ഫൊറോനയുടെ ആഭിമുഖ്യത്തിൽ രൂപതയിലെ യുവജനങ്ങൾക്കായി നടത്തപ്പെടുന്നു.

സ്ഥലം: മണ്ണാർക്കാട് ROTARY CLUB INDOOR STADIUM, തിയ്യതി: 12-12-09

| | |
|---|---|
| ഒന്നാം സമ്മാനം | 3001 രൂപ + പ്രവീൺ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി |
| രണ്ടാം സമ്മാനം | 2001 രൂപ + വർക്കി കാഞ്ഞിരത്തിങ്കൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി |

**നിബന്ധനകൾ**

1. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി വരുന്ന K.C.Y.M അംഗങ്ങൾക്കു മാത്രം.
2. Reg. Fee 250 രൂപ ടീം ഒന്നിന്
3. ആദ്യം രജിസ്റ്റർ ചെയ്യുന്ന 16 ടീമുകൾക്ക് മാത്രം
4. മത്സരം Knock out പരമ്പരയായിരിക്കും.

വിശദവിവരങ്ങൾക്ക്: Contact

Fr.Sherjo Malekkudiyil 9847778972, Br. Shinto James- 9744031334

**സംസ്ഥാന സമ്മേളനം**

നവംബർ 20, 21, 22 തിയ്യതികളിൽ തൃശ്ശൂരിൽ വച്ചു നടന്ന കെ.സി.വൈ.എം. സംസ്ഥാന സമ്മേളനത്തിൽ ഛായചിത്ര പ്രയാണത്തിലും പ്രതിനിധി സമ്മേളനത്തിലും പൊതുറാലിയിലും പങ്കെടുത്ത എല്ലാവർക്കും രൂപതാസമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

**Best Forane, Best President & Best Unit**

കഴിഞ്ഞ ഒരു വർഷത്തെ മികച്ച ഫൊറോനയെയും പ്രസിഡന്റിനെയും യൂണിറ്റിനെയും തിരഞ്ഞെടുക്കുന്നതിനായി അതാതു ഫൊറോനകളുടെ റിപ്പോർട്ട് ഡിസംബർ 10-ാം തിയ്യതി രൂപതാ ഓഫീസിൽ എത്തിക്കണം.





**മാനദണ്ഡങ്ങൾ**

നടപ്പുവർഷത്തിലെ പ്രവർത്തനം, മേൽഘടകങ്ങളുടെ പ്രവർത്തനങ്ങളോടുള്ള സഹകരണം, റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഏറ്റവും നല്ല യൂണിറ്റിനും ഫൊറോനക്കും ട്രോഫികൾ നൽകുന്നതാണ്.

രൂപതയിലെ ഫൊറോനകളിൽ നിന്നുമായി ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന പ്രസിഡന്റിനെ തെരഞ്ഞെടുക്കും. ഫൊറോന യൂണിറ്റ് ബന്ധം, രൂപതാസമിതിയോടുള്ള സഹകരണം ഇവ മുൻനിർത്തിയായിരിക്കും തെരഞ്ഞെടുക്കുക.

**യുവജനധ്യാനം**

ഡിസംബർ 27 മുതൽ സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് യുവജനധ്യാനം നടക്കുന്നു. താൽപ്പര്യമുള്ളവർ സെഹിയോനുമായി ബന്ധപ്പെടുക. ഫോൺ: 04924-253333, 253647, 327770.

**ഗ്രാമോത്സവ് 09**

നവംബർ 13,14,15 തിയ്യതികളിൽ കാഞ്ഞിരപ്പുഴ ഫൊറോനയിലെ ചുള്ളിയാംകുളത്തുവച്ചു നടന്ന 'ഗ്രാമോത്സവ് 09' മനോഹരമാക്കാൻ യത്നിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. പ്രത്യേകിച്ച് ബഹു.വികാരിയച്ചനും സിസ്റ്റേഴ്സിനും K.C.Y.M ഫൊറോന ഭാരവാഹികൾക്കും പങ്കെടുത്ത എല്ലാവർക്കും രൂപതാ സമിതിയുടെ അകമഴിഞ്ഞ അഭിനന്ദനങ്ങൾ.

**'ഉത്സവ് 09' തിരുത്ത്**

ശ്രീകൃഷ്ണപുരത്തുവെച്ചു നടന്ന K.C.Y.M രൂപതാകലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയത് മദർ തെരേസ കയറാടി യൂണിറ്റാണ്. തെറ്റി രേഖപ്പെടുത്തിയതിൽ ഖേദിക്കുന്നു.

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, കെ.സി.വൈ.എം.

# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

2009 ഡിസംബർ 06 മുതൽ 11 വരെ 20 മുതൽ 24 വരെ

ഫാ. ബെന്നി പീറ്റർ
**ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം**



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# നവീകരണ മുന്നേറ്റം

നവംബർ 27, 28, 29 തിയ്യതികളിൽ ആലപ്പുഴ ഐ.എം.എസ്. ധ്യാനകേന്ദ്രത്തിൽ വെച്ച് കേരള കരിസ്മാറ്റിക് കൺവെൻഷൻ നടത്തി.

കോയമ്പത്തൂർ സോണിലെ പ്രാർത്ഥന എല്ലാ തിങ്കളാഴ്ചയും ഉക്കടം പള്ളിയിൽ വെച്ച് നടത്തുന്നു.

ഡിസംബർ 25-ാം തിയ്യതി ക്രിസ്തുമസ് ആയതുകൊണ്ട് ഡിസംബർ മാസത്തിലെ ജാഗരണപ്രാർത്ഥന ഡിസംബർ 18-ാം തിയ്യതി വെള്ളിയാഴ്ചയാണ്. 18-ാം തിയ്യതി വെള്ളിയാഴ്ച രാത്രി 7 മണി മുതൽ പിറ്റേന്ന് രാവിലെ 5 മണിവരെ പാലക്കാട് കത്തീഡ്രൽ പള്ളിയിൽ ജാഗരണപ്രാർത്ഥന നടത്തുന്നു. സോണൽ ഡയറക്ടർ റവ. ഫാ. റെനി പുല്ലുകാലായിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

സോണിലെ നവീകരണരംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ലീഡേഴ്സിനുംവേണ്ടി പ്രത്യേക കൂട്ടായ്മ 18-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ നടത്തുന്നു. വചനപ്രഘോഷണം, ഷെയറിംഗ് തുടങ്ങിയ ശുശ്രൂഷകൾ ഉണ്ടായിരിക്കും.

**ക്രിസ്റ്റീൻ മിനിസ്ട്രി**

ഡിസംബർ 4, 5 തിയ്യതികളിൽ പോത്തുണ്ടി പള്ളിയിൽ വെച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തുന്നു.

ഏപ്രിൽ, മെയ് മാസങ്ങളിൽ ഇടവകകളിൽ ക്രിസ്റ്റീൻ ധ്യാനം വേണ്ടവർ ക്രിസ്റ്റീൻ ഡയറക്ടറുമായി ബന്ധപ്പെടുക.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.

# Family Apostolate

**പ്രീകാനാ കോഴ്സ്**
**ഡിസംബർ 7, 8, 9, 10, 2010 ജനുവരി 4, 5, 6, 7**
തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.





# സി എൽ സി.

**ക്രിസ്തുമസ്**

പാലക്കാട് രൂപതാ സി.എൽ.സി കേന്ദ്രത്തിൻ നിന്നും എല്ലാ സി.എൽ.സി അംഗങ്ങൾക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ. ഈ 25 ദിവസങ്ങൾ നോമ്പിന്റെയും ഉപവാസത്തിന്റെയും ചൈതന്യത്തിലൂടെ ഉണ്ണിയേശുവിനെ സ്വീകരിക്കാൻ ഒരുങ്ങാം.

**കുഞ്ഞുപൈതങ്ങൾക്കുവേണ്ടി**

ഡിസംബർ 28-ാം തിയ്യതി കുഞ്ഞുപൈതങ്ങൾക്ക്വേണ്ടി പ്രാർത്ഥിക്കണം.

**പ്രാർത്ഥന**

എന്റെ ഉണ്ണി ഈശോയെ എന്റെ ഹൃദയത്തിൽ എഴുന്നെള്ളി വരേണമേ.

**പഠനം**

വി. ഫ്രാൻസിസ് സേവ്യർ- ജീവിതവും പ്രേഷിതപ്രവർത്തനവും.

**പ്രവർത്തനം**

സ്വഭവനത്തിലും ഹൃദയത്തിലും ഉണ്ണി ഈശോയ്ക്ക് പുൽകൂട് നിർമ്മിക്കുക.

**ഫാ. മാർട്ടിൻ ഏറ്റുമാനൂക്കാരൻ**
ഡയറക്ടർ, സി.എൽ.സി.

# സി.എം.എൽ.

മനുഷ്യജീവനും സംസ്ക്കാരത്തിനും ഭീഷണിയും വെല്ലുവിളികളും ഉയർത്തുന്ന, അശാന്തിയുടെയും അസ്വസ്ഥതകളുടെയും ആർത്തനാദങ്ങളുയരുന്ന ആധുനിക ലോകത്തിന് ആശ്വാസത്തിന്റെയും ഐക്യത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും ജീവനേകുന്ന സ്വർഗീയ ഗാനം അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം" വീണ്ടും ഒരു ക്രിസ്തുമസ് ദിനം ഏവർക്കും ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ കേന്ദ്രത്തിൽ നിന്നും ക്രിസ്തുമസ് പുതുവത്സരാശംകൾ.

ഡിസംബർ 1 ചൊവ്വ : 25 നോമ്പാരംഭം. തിരുലിഖിതങ്ങൾ വായിച്ചും, കൊച്ചു സുകൃതപ്രവൃത്തികൾ ചെയ്തും ഉണ്ണീശോയ്ക്കായി ഹൃദയത്തിലിടാം ഒരുക്കാം. സാധിക്കുന്ന എല്ലാ കുഞ്ഞുമിഷിനറിമാരും നോമ്പ് ആചരിച്ച് ക്രിസ്തുമസ്സിനായി ഒരുങ്ങുക.

ഡിസംബർ 3 വ്യാഴം : വി. ഫ്രാൻസിസ് സേവ്യറുടെ തിരുനാൾ, പ്രത്യേക സമ്മേളനവും, ദിവ്യകാരുണ്യ സ്വീകരണവും നടത്തുക. വി. ഫ്രാൻസിസിന്റെ



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

നാമധാരികളെ ആദരിക്കുകയും ചെയ്യുക.

ചിന്താവിഷയം : ക്രിസ്തുവിന്റെ സ്നേഹ തീഷ്ണതയിൽ ജ്വലിക്കുന്ന വി. ഫ്രാൻസിസ് സേവ്യർ.

ഡിസംബർ 7 തിങ്കൾ : വി. അംബ്രോസിന്റെ തിരുനാൾ

ഡിസംബർ 8 ചൊവ്വ : പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ. ശാഖാംഗങ്ങളെല്ലാവരും ദിവ്യബലിയിൽ പങ്കെടുത്ത്, വിശുദ്ധ കുർബാന സ്വീകരിച്ച് അമ്മ വഴി ഈശോയോടു പ്രാർത്ഥിക്കുക.

ഡിസംബർ 14 തിങ്കൾ : കുരിശിന്റെ വിശുദ്ധ യോഹന്നാൻ

ഡിസംബർ 25 വെള്ളി : തിരുപ്പിറവി. ഭവനങ്ങളിൽ പുൽക്കൂടും ക്രിസ്തുമസ് ട്രീയും ഒരുക്കുന്നതോടൊപ്പം ഇടവക ദൈവാലയങ്ങളിലെ ആഘോഷ പരിപാടികൾക്ക് വേണ്ടതായ ഒരുക്കങ്ങളിൽ ചേർന്ന് പ്രാർത്ഥിക്കുക.

ചിന്താവിഷയം : “മനുഷ്യാവതാര രഹസ്യം”

ഡിസംബർ 26 ശനി : വി. സ്റ്റീഫന്റെ തിരുനാൾ

ഡിസംബർ 27 ഞായർ : വി. യോഹന്നാൻ ശ്ലീഹായുടെ തിരുനാൾ

ഡിസംബർ 28 തിങ്കൾ : കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ. ഇടവകയിലെയും ലോകം മുഴുവനിലെയും കുഞ്ഞുമക്കൾക്കായി പ്രാർത്ഥിക്കുക. നിഷ്കളങ്കരായി ജീവിക്കുവാനും പരിശ്രമിക്കുക.

ഡിസംബർ 31 വ്യാഴം : വർഷാവസാനം.

**പ്രാർത്ഥനാനിയോഗം**

ഗർഭസ്ഥ ശിശുക്കൾക്കുവേണ്ടി

ക്രിസ്തുമസ്സിനോടനുബന്ധിച്ച് കരോളിന് നേതൃത്വം നൽകുക. എല്ലാ ഭവനങ്ങളിലും ആശംസാകാർഡുകൾ എത്തിക്കുക.

ക്രിസ്തുമസ് ഫ്രണ്ടിനെ തെരഞ്ഞെടുത്ത് പ്രാർത്ഥിക്കുക.

സുകൃതജപങ്ങളിലൂടെ ഉണ്ണീശോയ്ക്ക് പുൽക്കൂട് ഒരുക്കുക.

പ്രവർത്തന വർഷത്തെ എല്ലാ അനുഗ്രഹങ്ങൾക്കും തമ്പുരാന് നന്ദി അർപ്പിക്കുക.

പുതു വർഷത്തിനായി ഒരുങ്ങുക.

രോഗികളെ സന്ദർശിച്ച് ക്രിസ്തുമസ്സ് സന്ദേശം പങ്കുവെയ്ക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുക.

**സുകൃതജപം** : കുളിരാലെ വിറയ്ക്കുന്ന ഉണ്ണീശോയെ ഞങ്ങൾക്ക് കൂട്ടായിരിക്കേണമെ.

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ സി. എം. എൽ.





# സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ഡിസംബർ | 06-11 | വൈദികരുടെ ധ്യാനം |
| | | ഫാ. സേവ്യർഖാൻ വട്ടായിൽ |
| ഡിസംബർ | 13-18 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം. |
| | | ഫാ. സേവ്യർഖാൻ വട്ടായിൽ |
| ഡിസംബർ | 20 | ധ്യാനം ഇല്ല |
| ഡിസംബർ | 27 ജനുവരി 1 | യുവജനധ്യാനം |
| | | സെഹിയോൻ ടീം |

ധ്യാനത്തിന്റെ ഫീസ് 300 രൂപയാണ്. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 253333, 253647. സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക.

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

ഡിസംബർ 6 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധീപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

ഡിസംബർ 19 ശനിയാഴ്ച ചങ്ങനാശ്ശേരി ചെത്തിപ്പുഴ കാർമ്മൽ മൗണ്ട് റിന്യൂവൽ സെന്ററിൽ രാവിലെ 9.00 മണിമുതൽ വൈകുന്നേരം 4.00 മണിവരെ ഏകദിന കൺവെൻഷൻ.

ഡിസംബർ 20 ഞായറാഴ്ച പാലക്കാട് ടൗൺഹാൾ അനക്സിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ഏകദിന കൺവെൻഷൻ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# പി.എസ്.എസ്.പി.

**സേവ് എ ഫാമിലി**

സേവ് എ ഫാമിലി സ്പോൺസേഴ്സിന്റെ ശ്രദ്ധയ്ക്ക്,

1. ബനഫാക്ടേഴ്സിന് അയക്കേണ്ട കത്തുകൾ ഇനിയും നല്കാത്തവർ എത്രയും പെട്ടന്ന് ഓഫീസിൽ എത്തിക്കേണ്ടതാണ്.
2. പതിനായിരം രൂപയ്ക്ക് മുകളിൽ അക്കൗണ്ടിൽ ഉള്ള എല്ലാ ഗുണഭോക്താക്കളുടെയും തുക പിൻവലിച്ച് വരുമാന വർദ്ധനവിനുള്ള പരിപാടികൾ എത്രയും പെട്ടന്ന് നടപ്പിലാക്കി ഡിസംബർ 15-ാം തിയ്യതിക്കുള്ളിൽ അതിന്റെ ഫോട്ടോ അടക്കമുള്ള റിപ്പോർട്ട് ഓഫീസിൽ എത്തിക്കുമല്ലോ.

**നവംബർ മാസത്തിലെ SAFP വരുമാന വർദ്ധക പരിപാടികൾ**

| | പദ്ധതി | എണ്ണം | തുക |
|---|---|---|---|
| 1 | പശുവളർത്തൽ | 22 | 2,18,000 |
| 2 | ആട് വളർത്തൽ | 6 | 6,200 |
| 3 | കോഴി വളർത്തൽ | 5 | 15,500 |
| 4 | ചെറുകിട കച്ചവടം | 10 | 94,000 |
| 5 | കാർഷികം | 3 | 25,000 |
| 6 | ചെറുകിട ഉല്പാദന യൂണിറ്റ് | 4 | 37,000 |
| 7 | മീൻ വളർത്തൽ | 1 | 10,000 |
| 8 | ഓട്ടോറിക്ഷ | 4 | 40,000 |
| 9 | റബ്ബർ സ്ലോട്ടർ | 2 | 25,000 |
| 10 | ബ്യൂട്ടി പാർലർ | 1 | 5,000 |

**സ്തീശാക്തീകരണ മേഖല നവംബർ 2009**

**ജില്ല ഫെഡ് മീറ്റിംഗ്**

2-12-09ന് ബുധനാഴ്ച്ച 11 മണിക്ക് പി.എസ്.എസ്.പിയിൽ വച്ച് ജില്ലാ ഫെഡ് മീറ്റിംഗ് നടത്തുന്നു.

**ബ്ലോക്കു ഫെഡ് മീറ്റിംഗുകൾ**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 9-12-09 | ബുധൻ | മണ്ണാർക്കാട് | കാരാകുറിശ്ശി | 11.00 am |
| 10-12-09 | വ്യാഴം | ശ്രീകൃഷ്ണപുരം | കിളിക്കുന്ന് | 11.00 am |
| 10-12-09 | വ്യാഴം | ആലത്തൂർ | FCC വടക്കഞ്ചേരി | 11.00 am |
| 11-12-09 | വെള്ളി | നെന്മാറ | പുത്തൻതറ | 11.00 am |
| 11-12-09 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 02.00 pm |
| 14-12-09 | തിങ്കൾ | പാലക്കാട്/മലമ്പുഴ | വേലിക്കാട് | 11.00 am |





**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15-12-09 | ചൊവ്വ | സാൻജോ ടവ്വർ | 10.00 മുതൽ 2.00 വരെ |
| 16-12-09 | ബുധൻ | നെന്മാറപാരിഷ്ഹാൾ | 11.00 മുതൽ 2.00 വരെ |
| 17-12-09 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 11.00 മുതൽ 2.00 വരെ |

**മെഡി ക്ലെയിം**

ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് എന്ന പേരിൽ ഒരു മെഡി ക്ലെയിം പദ്ധതി നടത്തി വരുന്നു. ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ തിരിച്ചു കിട്ടുന്നതാണ് പദ്ധതി. (വർഷം പരമാവധി 30000 രൂപ വരെ) അഞ്ച് അംഗ കുടുംബത്തിന് 450 രൂപയാണ്. വാർഷിക പ്രീമിയം വ്യക്തിക്ക് 300 രൂപയും, 7 അംഗ കുടുംബത്തിന് 600 രൂപയും കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടുക.

**തൊഴിൽ പരിശീലനങ്ങൾ**

ജെ.എസ്.എസുമായി സഹകരിച്ച് താഴെ പറയുന്ന സമാജങ്ങളിൽ വിവിധ പരിശീലനങ്ങൾ ഈ മാസം ആരംഭിച്ചിരിക്കുന്നു.

| | | |
|---|---|---|
| പ്രിയ മഹിളാ സമാജം | ഇരുമ്പകചോല | കോഴിവളർത്തൽ |
| കാരുണ്യ മഹിളാ സമാജം | കോങ്ങാട് | കാറ്ററിംഗ് |
| ഉദയാ മഹിളാ സമാജം | കാരാകുറിശ്ശി | കൂൺകൃഷി |
| കൈരളി മഹിളാ സമാജം | കടമ്പഴിപ്പുറം | ബുക്ക് ബൈന്റിംഗ് |
| കൈരളി മഹിളാ സമാജം | നീതിപുരം | കോഴിവളർത്തൽ |
| കൈരളി മഹിളാ സമാജം | പാരിഷ്ഹാൾ | കൂൺകൃഷി |
| സൂര്യ മഹിളാ സമാജം | കല്ലടിക്കോട് | ടെക്സ്റ്റൈൽ പ്രിന്റിംഗ് |

**ഡിസംബർ മാസത്തിൽ തുടങ്ങുന്ന തൊഴിൽ പരിശീലങ്ങൾ**

| | | |
|---|---|---|
| അക്ഷയാ മഹിളാ സമാജം | പൂഞ്ചോല | പാളപ്ലേറ്റ് |
| അമലാ മഹിളാ സമാജം | കരിമ്പ | കൂൺകൃഷി |
| സംഗമം മഹിളാ സമാജം | കാഞ്ഞിക്കുളം | ടെക്സ്റ്റൈൽ പ്രിന്റിംഗ് |
| സംഗമം മഹിളാ സമാജം | മരുതംകുണ്ട് | ബുക്ക് ബൈന്റിംഗ് |

**അയൽകൂട്ട വായ്പ**

പി.എസ്.എസ്.പിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 31 അയൽക്കൂട്ടങ്ങളെ ഗ്രേഡിംഗ് നടത്തി സുൽത്താൻപേട്ട ധനലക്ഷ്മി ബാങ്ക് 15 ലക്ഷം രൂപ വിവിധ ആവശ്യങ്ങൾക്കായി വായ്പ നൽകി.

**അപകട മരണ/അംഗവൈകല്യ ഇൻഷുറൻസ്**

അയൽകൂട്ട വായ്പ എടുത്ത 178 അംഗങ്ങളെ ധനലക്ഷ്മി ബാങ്കുമായി ചേർത്ത് അപകടമരണ/അംഗവൈകല്യ ഇൻഷുറൻസ് പദ്ധതിയിൽ ചേർത്തു. മൂന്നു വർഷത്തേയ്ക്ക് 60 രൂപയാണ് പ്രീമിയം, അപകടംമൂലം മരണം സംഭ



Palakkad Rupatha Bulletin
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

വിച്ചാൽ 25000 രൂപയാണ് അംഗവൈകല്യമുണ്ടായാൽ 12500 രൂപയും സഹായധനമായി ലഭിക്കും.

**JSS PALAKKAD**

ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ 2009 ഡിസംബർ മാസം ആരംഭിക്കുന്ന സാങ്കേതിക തൊഴിൽ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

| | കോഴ്സുകൾ | ബാച്ചുകൾ |
|---|---|---|
| 1. | പഴം ചച്ചക്കറി സംസ്കരണം | 3 |
| 2. | പാള പാത്ര നിർമ്മാണം | 1 |
| 3. | വാഴനാര് ഉൽപന്നങ്ങളുടെ നിർമ്മാണം | 1 |
| 4. | കൂൺ കൃഷിയും സംസ്കരണവും | 2 |
| 5. | മൃഗ പരിപാലനം | 1 |
| 6. | ബയോഫാമിങ്ങ് | 4 |
| 7. | സ്ക്രീൻ പ്രിന്റിംഗ് & ടെക്സ്റ്റൈൽ പ്രിന്റിംഗ് | 1 |
| 8 | പേപ്പർ ബാഗ് & കപ്പ് നിർമ്മാണം | 1 |
| 9 | മുള ഉൽപന്നങ്ങളുടെ നിർമ്മാണം | 1 |
| 10 | ഗാർഹിക ഉപകരണങ്ങളുടെ റിപ്പയറിംഗ് & സർവ്വീസിംഗ് | 1 |
| 11 | മൊബൈൽ ഫോൺ റിപ്പയറിംഗും സർവ്വീസിംഗ് | 2 |
| 12 | ഓട്ടോ ഇലക്ട്രീഷ്യൻ | 1 |
| 13 | പ്ലംബർ & സാനിറ്ററി ഫിറ്റർ | 2 |
| 14 | ഇലക്ട്രീഷൻ & ഹൗസ് വയറിംഗ് | 1 |

**ദിദ്വിന ശില്പശാല**

ഒക്ടോബർ 8,9 തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽ വെച്ച് നടത്തിയ ജൻശിക്ഷൻ സൻസ്ഥാനിന്റെ സംസ്ഥാനതല ശില്പശാലയുടെ രണ്ടാം ഘട്ട പരിശീലന പരിപാടി ഡിസംബർ 2,3 തിയ്യതികളിൽ കൊല്ലത്ത് വെച്ച് നടക്കുന്നതാണ്

**ദേശീയതല ആക്ഷൻ പ്ലാൻ/ അവലോകനയോഗം**

കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം സംഘടിപ്പിക്കുന്ന ജൻശിക്ഷൻ സൻസ്ഥാനുകളുടെ 2010-2011 വാർഷിക പദ്ധതിയുടെ രൂപീകരണവും നടപ്പുവർഷത്തെ പ്രവർത്ത വിലയിരുത്തലും ബംഗ്ലൂരിൽ വെച്ച് ഡിസംബർ 16,17 തിയ്യതികളിൽ നടക്കുന്നു. ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടിനെ പ്രതിനിധികരിച്ച് ഡയറക്ടർ പങ്കെടുക്കുന്നതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2009 ഒക്ടോബർ**

28 എഫ്. സി. സി. സഭാംഗം സി. മക്രീനായുടെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് പൊൽപ്പുള്ളി സെറാഫിക് കോൺവെന്റിൽ കാർമ്മികത്വം വഹിച്ചു.

- വരാപ്പുഴ അതിരൂപതാ മെത്രാപ്പൊലിത്ത അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിലിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് എറണാകുളം സെന്റ് അൽബർട്ട് കോളേജ് അങ്കണത്തിൽ സഹകാർമ്മികത്വം വഹിച്ചു.

29 ഹോളിഫാമിലി സഭാംഗം സി. ആൻസ പോളിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് മലമ്പുഴ പ്രൊവിഡൻസ് കോൺവെന്റിൽ കാർമ്മികത്വം വഹിച്ചു.

30 രൂപതയിലെ ഐ.ടി.സി. ഡയറക്ടേഴ്സിന്റെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

31 കടമ്പഴിപ്പുറം സെന്റ് ജോസഫ് ഇടവകയിൽ പുതുതായി നിർമിച്ച വൈദിക മന്ദിരം വെഞ്ചെരിച്ചു. വി. കുർബാനയർപ്പിച്ചു.

- പുലാപ്പറ്റ, കുളക്കാട്ടുകുർശ്ശി ഇടവക ദേവാലയങ്ങൾ സന്ദർശിച്ചു.
- പാലക്കാട് പാലന ഹോസ്പിറ്റലിൽ നടന്ന ജപമാല സമാപനത്തിൽ സന്ദേശം നൽകി.

**2009 നവംബർ**

2 സകലമരിച്ചവരുടെയും തിരുനാളിനോടനുബന്ധിച്ച് പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രൽ സെമിത്തേരിയിൽ വി. കുർബായർപ്പിച്ചു.

- നിയുക്ത ഹിമാചൽ പ്രദേശ് ജസ്റ്റിസ് കുര്യൻ ജോസഫ് അരമന സന്ദർശിച്ചു.
- പുതുക്കിപ്പണിത രാമനാഥപുരം ഹോളിട്രിനിറ്റി ഇടവക സെമിത്തേരി വെഞ്ചരിച്ചു, വി. കുർബാനയർപ്പിച്ചു.



Palakkad Rupatha Bulletin
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

3 – എളവംപാടം സെന്റ് ആഗസ് കോൺവെന്റിൽ നൊവീസസ്സിന് ക്ലാസ്സെടുത്തു.

– കരിങ്കയം ഇടവക ദേവാലയം സന്ദർശിച്ചു.

4. – മുണ്ടൂർ യുവക്ഷേത്രയിൽ പ്രീകാനാ കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

5 – താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിലും ക്രിസ്റ്റീൻ ധ്യാനത്തിലും സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

– റവ. ഫാ. പോൾ തോട്ടിയാന്റെ പിതാവിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് മരത്താക്കര ഇടവകയിൽ കാർമ്മികത്വം വഹിച്ചു.

7 – ആയൂർപാലന ആയൂർവേദ ഹോസ്പിറ്റലിൽ നേഴ്സിംഗ് വിദ്യാർത്ഥികളുടെ ക്ലോത്തിംഗ് സെറിമണിയിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– സെറാഫിക് പ്രൊവിൻസിലെ നവ സന്യാസാർത്ഥിനികളുടെ പ്രഥമ വ്രത വാഗ്ദാന ശുശ്രൂഷാകർമങ്ങൾക്ക് പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ മുഖ്യകാർമികത്വം വഹിച്ചു, വി. കുർബാനയർപ്പിച്ചു.

8 – ഗാന്ധിപുരം ലൂർദ്മാതാ ഫൊറോന ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബായർപ്പിച്ചു.

– വൈകിട്ടു നടന്ന ഇടവകദിന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

9 – പന്തലാംപാടം എം.എസ്.എഫ്.എസ്. സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. വൈദിക വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി.

– തൃശൂർ മേരിമാതാ മേജർ സെമിനാരിയിലെ പാലക്കാട് രൂപതാംഗങ്ങളായ വൈദിക വിദ്യാർത്ഥികളെ സന്ദർശിച്ചു.

16 – വളമംഗലം ഇടവകയിൽ ഒരു മൃതദേഹ സംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.





– കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ഹോം ഡേയോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

17 – പുതുതായി നിർമിച്ച കിണാശ്ശേരി റോസറി കോൺവെന്റ് വെഞ്ചരിച്ചു. വി. കുർബാനയർപ്പിച്ചു.

– കോയമ്പത്തൂർ മുൻ മെത്രാൻ അഭി. അംബ്രോസ് മുതലൈമുത്തു പിതാവിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് സഹകാർമ്മികത്വം വഹിച്ചു.

18 – പുതുക്കാട് ഇടവകയിൽ ബഹു. വിൻസെന്റ് ഒല്ലൂക്കാരൻ അച്ചന്റെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബായർപ്പിച്ചു.

21 – പാലക്കാട് കാണിക്കമാതാ കോൺവെന്റിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ച് വി. കുർബായർപ്പിച്ചു.

– കേരള കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ സംസ്ഥാന നേതൃത്വ സംഗമത്തിലെ വിഷൻ 2020 പരിപാടി തൃശ്ശൂർ അതിരൂപതാ പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു.

22 – രാമനാഥപുരം ഹോളിട്രിനിറ്റി ഇടവകയിൽ ബഹു. നരിക്കുഴി അച്ചന്റെയും ബഹു. വിൽസൻ പ്ലാക്കൽ അച്ചന്റെയും രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബായർപ്പിച്ചു.

23 – ചികിത്സയിൽ കഴിയുന്ന അഭിവന്ദ്യ മാർ വർക്കി കാർഡിനാൾ വിതയത്തിലിനെ ലിസ്യൂ ഹോസ്പിറ്റലിൽ സന്ദർശിച്ചു.

24 – മൂച്ചംകുണ്ട് ദീപ്തി ഹൗസിൽ വി. കുർബാനയർപ്പിച്ചു.

– പരുത്തിക്കാട്, കൊല്ലങ്കോട് ഇടവകകൾ സന്ദർശിച്ചു.

25 – ശരവണാംപെട്ടി വിമൽജ്യോതി ഹയർസെക്കണ്ടറി സ്കൂളിൽ പുതുതായി നിർമിച്ച ഓഡിറ്റോറിയം വെഞ്ചെരിച്ചു. പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു.

26 – താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ പവർ കോൺഫറൻസിൽ പങ്കെടുത്ത വൈദികർക്ക് സന്ദേശം നൽകി.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.